മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഔദ്യോഗിക പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക

വാല്യം 17
ലക്കം 02




അന്താരാഷ്ട്ര നിലവാരമുള്ള സോളാർ പാനലുകൾക്കായി...
RAVIZ INDIA
Infratech Private Limited
Your Trusted Solar Energy Partner
AN APPROVED MNRE VENDOR IN KERALA
ISO 9001:2015 Certified Company
Ratheesh Kumar R
Founder, C.E.O & MD
9207171690
വൈദ്യുതി ബില്ലിൽ വൻ ലാഭം
30 YEARS WARRANTY
₹78,000 സർക്കാർ സബ്സിഡി
കുറഞ്ഞ പലിശയിൽ ലോൺ സൗകര്യം
THE GREEN ENERGY MAKER
SAVE ENERGY
SAVE MONEY
SAVE NATURE
SCAN FOR MORE DETAILS
GST-32AALCR6445A1ZM
RAVIZ INDIA
INFRATECH PRIVATE LIMITED
RAVIZ INDIA — Your Future, Our Energy
Most Trusted Solar Partner in Kerala
ADOOR
CALL NOW +91 9207171690 | +91 8281131690

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
പ്രസിദ്ധീകരണം

വാല്യം 17 ലക്കം 02




## താളുകളിലൂടെ......

**പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

**എഡിറ്റോറിയൽ**

**ജനറൽ സെക്രട്ടറിയുടെ കത്ത്**

**വളർച്ചയും ദിശാബോധവും**
ഫാ. ജെയിൻ സി. മാത്യു

**മലങ്കര അസോസിയേഷൻ : സഭയുടെ പരമോന്നത അധികാരസമിതി**
ഫാ. ഡോ. എം. ഒ. ജോൺ

**വെട്ടിക്കൽ ദയറായും രണ്ടാം മുളന്തുരുത്തി സുന്നഹദോസും**
ഫാ. അഡ്വ. കുറിയാക്കോസ് ജോർജ്

**പിൻകുറിപ്പ്**
മുകളിലച്ചൻ

**കശേരു : മലങ്കരസഭാ ഭരണഘടന**
ഡോ. എം. കുര്യൻ തോമസ്

**മലങ്കര അസോസിയേഷൻ ഇത് വരെ – ഒറ്റ നോട്ടത്തിൽ**
റ്റിബിൻ തേവർവേലിൽ

**മലങ്കരയുടെ പാർലമെന്റായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ**
ഡെറിൻ രാജു

**കാൽപന്തുകളിയിലെ മായാജാലക്കാർ**
നിഥിൻ സാമുവൽ

**എഡിറ്റോറിയൽ ബോർഡ്**

പ്രസിഡന്റ്
ഡോ.ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
ഫാ. ജെയിൻ സി. മാത്യു

ജനറൽ സെക്രട്ടറി
ഫാ. വിജു ഏലിയാസ്

ട്രഷറാർ
രെഞ്ചു എം. ജോയി

എഡിറ്റർ
ഫാ.ലൂക്ക് ബാബു


പബ്ലിഷർ
റോബിൻ ജോ വർഗീസ്

ബോർഡ് അംഗങ്ങൾ
അനീഷ് ജേക്കബ് തയ്യിൽ
ഗീവിസ് മർക്കോസ്

വിലാസം
ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ,
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം-1

Phone : 0481 2583997
e-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing
e-reading : www.ocymonline.org


printed at : peediakkal thiruvalla. ph. 94958 37117



# മലങ്കര അസോസിയേഷൻ

## വിശ്വസഭയിലെ ജനാധിപത്യ പാരമ്പര്യവും മലങ്കരയുടെ സ്വയംഭരണ അസ്തിത്വവും

**പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം...**



**ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

***ആദിമസഭാ പാരമ്പര്യവും ജനകീയ കൂട്ടായ്മയും***

*ആദിമസഭയുടെ ആത്മീയാനുഭവവും പ്രാദേശിക കൂട്ടായ്മകളുടെ ഭരണപങ്കാളിത്തവുമാണ് ക്രൈസ്തവ സഭയുടെ ആദ്യനൂറ്റാണ്ടുകളിലെ ജീവസ്സുറ്റ ചൈതന്യമായി നിലകൊണ്ടത്. ജനങ്ങളെല്ലാം ഏക മനസ്സോടെ ഒന്നിച്ചുകൂടി സഭാകാര്യങ്ങൾ തീരുമാനിച്ചിരുന്ന ആദിമ ശൈലി സഭയുടെ ആത്മീയ ശക്തിയായിരുന്നു. എന്നാൽ, കാലക്രമത്തിൽ എപ്പിസ്കോപ്പസിയുടെ കേന്ദ്രീകൃത അധികാരം ശക്തി പ്രാപിക്കുകയും പ്രാദേശിക സഭകൾ ഭരണശ്രേണിയിലെ കേവല ഘടകങ്ങളായി മാറുകയും ചെയ്തതോടെ, ആഗോള ക്രൈസ്തവ ലോകത്ത് ഇത്തരം ജനകീയ യോഗങ്ങൾ അപ്രസക്തമായിത്തീർന്നു.*

*ഇവിടെയാണ് മലങ്കര നസ്രാണികളുടെ വേറിട്ട ഭരണപാരമ്പര്യം സഭാചരിത്രത്തിൽ തിളങ്ങിനിൽക്കുന്നത്. മധ്യപൗരസ്ത്യ ദേശത്തെയും യൂറോപ്പിലെയും സഭാഭരണ രീതികളിൽ നിന്നും വ്യത്യസ്തമായി, ഇടവക പള്ളിയോഗങ്ങളുടെയും 'മലങ്കര പള്ളിയോഗ'ത്തിന്റെയും പരമാധികാരത്തിൽ അധിഷ്ഠിതമായ ഒരു സ്വയംഭരണ ശൈലിയാണ് അപ്പോസ്തോലിക പാരമ്പര്യമുള്ള മലങ്കരസഭ സവിശേഷമായി കാത്തുസൂക്ഷിച്ചത്. പ്രസ്തുത പള്ളിയോഗ പാരമ്പര്യത്തിന്റെ പൂർണ്ണതയും അത്യുന്നത നിയമനിർമ്മാണ വേദിയുമാണ് ഇന്നത്തെ* ***മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ.***

*മെത്രാപ്പോലീത്തമാരും വൈദികരും അത്മായരും അടങ്ങുന്ന സമഗ്രമായ ഒരു പ്രാതിനിധ്യത്തിലൂടെ സഭയുടെ ആത്മീയ-ലൗകിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന മലങ്കര അസോസിയേഷൻ, ആഗോള ക്രൈസ്തവ സഭകൾക്ക് തന്നെ അത്യപൂർവ്വമായ ജനകീയ-ജനാധിപത്യ മാതൃകയാണ് കാഴ്ചവെക്കുന്നത്.*

**ചരിത്രപരമായ അതിജീവനവും പോരാട്ടത്തിന്റെ വഴികളും**

*മലങ്കര സഭയുടെ സ്വതന്ത്ര അസ്തിത്വവും തനിമയും വീണ്ടെടുക്കുന്നതിനായി ചരിത്രത്തിലുടനീളം നടന്ന സമരങ്ങളുടെയും അതിജീവനങ്ങളുടെയും കേന്ദ്രബിന്ദു മലങ്കര പള്ളിയോഗങ്ങളായിരുന്നു.*

***കുനൻകുരിശ് സത്യവും (1653) സ്വയംഭരണ പ്രഖ്യാപനവും :*** *വിദേശ സഭാധിപത്യങ്ങൾ മലങ്കരയുടെ തനത് പാരമ്പര്യങ്ങളെ തച്ചുടക്കാൻ ശ്രമിച്ചപ്പോഴൊക്കെ ജാതിക്കു തലവനായ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ ഒന്നിച്ചു ചേർന്ന പള്ളിയോഗമാണ് നസ്രാണികളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി മാറിയത്. 1599-ലെ ഉദയംപേരൂർ സുന്നഹദോസിലൂടെ മലങ്കരയെ അടിമപ്പെടുത്താൻ റോമൻ സഭാധികാരികൾ ശ്രമിച്ചപ്പോഴും, മലങ്കര പള്ളിയോഗത്തിന്റെ സമ്മതം കൂടാതെ യാതൊരു തീരുമാനവും സഭയ്ക്ക് ബാധകമല്ലെന്ന തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. തുടർന്ന് 1653 ജനുവരി 3ന് മട്ടാഞ്ചേരിയിൽ നടന്ന ചരിത്രപ്രസിദ്ധമായ 'കുനൻകുരിശ് സത്യം' ഈ ജനകീയ കൂട്ടായ്മയുടെ ഐക്യദാർഢ്യത്തിന്റെ ചരിത്രസാക്ഷ്യമായി മാറി.*

***സഭാ നേതൃത്വവും പള്ളിയോഗത്തിന്റെ അനുമതിയും:*** *1653 ജൂൺ 1-ന് ആലങ്ങാട് കൂടിയ പള്ളിയോഗം പകലോമറ്റം തോമ്മാ അർക്കദിയാക്കോനെ 'മാർത്തോമ്മാ ഒന്നാമൻ' എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിക്കുകയും, അദ്ദേഹത്തിന് ആലോചനക്കാരായി നാല് പട്ടക്കാരെ നിയമിക്കുകയും ചെയ്തു. മൂന്ന് വർഷം കൂടുമ്പോൾ യോഗം കൂടി ആലോചനക്കാരെ മാറ്റണമെന്ന് തീരുമാനിച്ചതിലൂടെ സഭാ ഭരണത്തിൽ വ്യക്തമായ ജനകീയ നിയന്ത്രണം കൊണ്ടുവരാൻ പള്ളിയോഗത്തിന് സാധിച്ചു.*

***ആരാധനാക്രമ രൂപീകരണവും പടിയോലകളും :***

*കണ്ടനാട് പടിയോല (1809), മാവേലിക്കര പടിയോല (1836) തുടങ്ങിയ പ്രഖ്യാപനങ്ങളിലൂടെ സഭയുടെ ആരാധനാക്രമങ്ങളും വിശ്വാസസംഹിതകളും ഏകീകരിക്കപ്പെടുകയും പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ നവീകരണ നിർദ്ദേശങ്ങളെ നിരസിച്ച് തനത് സഭാ പാരമ്പര്യം സംരക്ഷിക്കപ്പെടുകയും ചെയ്തു. ഇതിനു പിന്നിലെല്ലാം അടിയുറച്ച കരുത്തായി പ്രവർത്തിച്ചത് മലങ്കര പള്ളിയോഗത്തിന്റെ ഐക്യമായിരുന്നു.*

**നിയമസംഹിതയിലേക്കുള്ള വളർച്ചയും സഭാ ഭരണഘടനയും**

*കേവലം കീഴ്‌വഴക്കങ്ങളെ മാത്രം അടിസ്ഥാനമാക്കി മുന്നോട്ടുപോയ മലങ്കര പള്ളിയോഗത്തെ നിയതമായ ഒരു നിയമസംഹിതയിലേക്ക് നയിച്ചത് 19-ാം നൂറ്റാണ്ടിലെയും 20-ാം നൂറ്റാണ്ടിലെയും ചരിത്രപരമായ മുന്നേറ്റങ്ങളാണ്.*

***ലിഖിത ഭരണഘടനയ്ക്കുള്ള ആദ്യ ശ്രമങ്ങൾ:***

*1853-ൽ കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന യോഗത്തിൽ വച്ച് വിശ്വാസ-ആചാര-ഭരണ കാര്യങ്ങളെക്കുറിച്ച് 101 ഭാഗങ്ങളുള്ള ഒരു 'ചട്ടവര്യോല' പാസ്സാക്കി. മലങ്കരസഭയുടെ ആദ്യത്തെ സമ്പൂർണ്ണ ലിഖിത ഭരണഘടനാ ശ്രമമായിരുന്നു ഇത്.*

***സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ രൂപീകരണം (1873 & 1876) :*** *1873ൽ പരുമല സെമിനാരിയിൽ ചേർന്ന യോഗത്തിലും, തുടർന്ന് 1876-ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അധ്യക്ഷതയിൽ കൂടിയ ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസിലുമാണ് 'സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും' അതിന്റെ ഭരണനിർവ്വഹണ സമിതിയായ മാനേജിംഗ് കമ്മറ്റിയും ഔദ്യോഗികമായി രൂപപ്പെടുന്നത്.*

***1934-ലെ മലങ്കരസഭാ ഭരണഘടന :*** *1934 ഡിസംബർ 26-ന് കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന മലങ്കര അസോസിയേഷൻ ചരിത്രപ്രസിദ്ധമായ 'മലങ്കരസഭാ ഭരണഘടന' പാസ്സാക്കി. ഇതോടെ മലങ്കര അസോസിയേഷൻ സഭയുടെ പരമാധികാര ഭരണഘടനാ സ്ഥാപനമായി ഉറപ്പിക്കപ്പെട്ടു.*

***സമാപനം : ഭാവിയിലേക്കുള്ള പ്രകാശഗോപുരം***

*ഇന്ന് പൗരസ്ത്യ കാതോലിക്കായെയും മലങ്കര മെത്രാപ്പോലീത്തായെയും തിരഞ്ഞെടുക്കുന്നതിനും, എപ്പിസ്കോപ്പൽ സുന്നഹദോസിലേക്കുള്ള മേൽപ്പട്ട സ്ഥാനികളെ തെരഞ്ഞെടുക്കുന്നതിനും, സഭയുടെ അത്മായ-വൈദിക ട്രസ്റ്റിമാരെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും നിശ്ചയിക്കുന്നതിനുമുള്ള അത്യുന്നത ജനകീയ സഭയായി അസോസിയേഷൻ ശോഭിക്കുന്നു. നൂറ്റാണ്ടുകളുടെ വിശ്വാസപോരാട്ടങ്ങളുടെ ജീവിക്കുന്ന പ്രതീകവും, സഭയുടെ സ്വയംഭരണ അസ്തിത്വത്തിന്റെ കാവലാളും, ഭാവിവളർച്ചയുടെ സുദൃഢമായ അടിത്തറയുമാണ് മലങ്കര അസോസിയേഷൻ. സഭയിൽ ജനങ്ങളുടെ ശബ്ദത്തിനും പങ്കാളിത്തത്തിനും ദൈവികമായ സ്ഥാനമുണ്ടെന്ന് ലോകത്തിന് കാണിച്ചു കൊടുക്കുന്ന പ്രകാശഗോപുരമായി മലങ്കര അസോസിയേഷൻ ഇന്നും നിലകൊള്ളുന്നു.*




## എഡിറ്റോറിയൽ

# പാരമ്പര്യവും ജനാധിപത്യവും സമന്വയിപ്പിക്കുന്ന പരമോന്നത അധികാര സമിതി

**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന സഭയുടെ പരമോന്നത അധികാര സമിതിയുടെ യോഗം മലങ്കര സഭാ ചരിത്രത്തിലെ സന്യാസത്തിന്റെ ആദ്യ ഈറ്റില്ലമായ മുളന്തുരുത്തി വെട്ടിക്കൽ മാർത്തോമൻ ദയറ പശ്ചാത്തലത്തിൽ കൂടുകയാണ്.

വിശ്വാസികളുടെ കൂട്ടായ്മയും സഭയുടെ പാരമ്പര്യവും ഭാവിദിശയും പ്രതിഫലിപ്പിക്കുന്ന ഒരു പ്രധാന ജനാധിപത്യ വേദിയാണല്ലോ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ.

സഭയുടെ വളർച്ചയ്ക്കും വിശ്വാസികളുടെ പങ്കാളിത്തത്തിനും ജനാധിപത്യപരമായ തീരുമാനമെടുക്കൽ രീതിക്കും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നൽകുന്ന സംഭാവന വളരെ വലുതാണ്. ആത്മീയതയും സംഘടനാപരമായ ഉത്തരവാദിത്വവും ഒരുമിച്ച് മുന്നോട്ടു കൊണ്ടുപോകുന്ന ഈ സംവിധാനം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സവിശേഷ ശ്രേഷ്ഠതയായി നിലകൊള്ളുന്നു.

സഭയുടെ ഐക്യം, പാരമ്പര്യം, ഉത്തരവാദിത്വബോധം എന്നിവ സംരക്ഷിക്കുന്ന ഒരു പൊതുവേദി കൂടിയാണിത്.ആത്മീയ നേതൃത്വവും വിശ്വാസിസമൂഹത്തിന്റെ പ്രതിനിധിത്വവും തമ്മിലുള്ള സമതുലിതാവസ്ഥ നിലനിർത്തുന്നതിൽ ഈ ജനാധിപത്യ സംവിധാനം മഹത്വരമായി നിലകൊള്ളുന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഒരു ചരിത്രപരമായ ഭരണസംവിധാനം മാത്രമായി കാണാതെ, ഇന്നത്തെ സഭയുടെ ആവശ്യങ്ങളെയും നാളെയുടെ പ്രതീക്ഷകളെയും ബന്ധിപ്പിക്കുന്ന ജനാധിപത്യ വേദിയായി കാണുകയും മാറുകയും ചെയ്യേണം. സഭയുടെ ആത്മീയ പാരമ്പര്യം സംരക്ഷിച്ചുകൊണ്ട് കാലത്തിന്റെ വെല്ലുവിളികൾക്ക് ക്രിയാത്മകമായ മറുപടി നൽകുന്നതിലാണ് ഓരോ മലങ്കര സുറിയാനി ക്രിസ്ത്യാനിയുടെ അസോസിയേഷന്റെ യഥാർത്ഥ പ്രാധാന്യമെന്നും നാം മനസിലാക്കേണ്ടതുണ്ട്.

ഇന്നത്തെ സമൂഹത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം, കുടുംബങ്ങളുടെ ആത്മീയജീവിതം, സാമൂഹിക പ്രതിബദ്ധത, വിദ്യാഭ്യാസം, സാങ്കേതികവിദ്യയുടെ സ്വാധീനം തുടങ്ങിയ വിഷയങ്ങൾ സഭയുടെ മുമ്പിൽ പുതിയ ചോദ്യങ്ങൾ ഉയരുന്നു. ഇത്തരം വിഷയങ്ങളിൽ സഭയുടെ നിലപാടുകൾ രൂപപ്പെടുത്തുന്നതിലും ഭാവിയിലേക്കുള്ള ദിശ നിർണയിക്കുന്നതിലും അസോസിയേഷൻ പോലുള്ള കൂട്ടായ വേദികൾക്ക് വലിയ പ്രാധാന്യമുണ്ട്


കാലം മാറുന്നതിനനുസരിച്ച് സഭ നേരിടുന്ന വെല്ലുവിളികളും മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പ്രസക്തി കൂടുതൽ വർധിക്കുന്നു. സഭയുടെ ഭരണസംവിധാനത്തിൽ വിശ്വാസികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും കൂട്ടായ ഉത്തരവാദിത്വബോധം വളർത്തുകയും ചെയ്യുന്നതാണ് അസോസിയേഷന്റെ പ്രധാന സവിശേഷത.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 92-ാമത് രാജ്യാന്തര സമ്മേളനത്തിന്റെ ഉദ്ഘാടനം
മലങ്കര സഭ സീനിയർ മെത്രാപ്പോലീത്താ അഭി.കുര്യാക്കോസ് മാർ ക്ലിമീസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 92-ാമത് രാജ്യാന്തര സമ്മേളനത്തിന്റെ
സമാപന സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു




# ജനറൽ സെക്രട്ടറിയിൽ നിന്ന് ....

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചരിത്രമുറങ്ങുന്ന മുളന്തുരുത്തി വെട്ടിക്കൽ ദേശത്ത് ഓഗസ്റ്റ് 27ന് നടത്തപ്പെടുന്നു. ചരിത്ര പ്രസിദ്ധവും മലങ്കര സഭയുടെ നൂതന കാലഘട്ടത്തിലെ ദിശാ സൂചികയുമായ 1876ലെ മുളന്തുരുത്തി സുന്നഹദോസിന്റെ ശതോത്തര കനക ജൂബിലി സ്മരണയിലാണ് 2026 മലങ്കര അസോസിയേഷന് മുളന്തുരുത്തി വെട്ടിക്കൽ വേദിയാകുന്നത്. മലങ്കരയിലെ ആദ്യ സന്യാസ ആശ്രമമാണ് വെട്ടിക്കൽ മാർത്തോമൻ ദയറ. മലങ്കരയിൽ ആദ്യമായി വിശുദ്ധ മൂറോൻ കൂദാശ നടന്നത് മുളന്തുരുത്തി മാർത്തോമൻ പള്ളിയിലാണ്. 900 വർഷത്തിലധികം പഴക്കമുള്ള നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ഇടങ്ങളാണ് 2026 മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് വേദിയാകുന്ന മുളന്തുരുത്തി വെട്ടിക്കൽ പ്രദേശം. പരിശുദ്ധ പരുമല കൊച്ചു തിരുമേനിയുടെ ജന്മസ്ഥലമാണ് മുളന്തുരുത്തി. പരിശുദ്ധ പിതാവിന്റെ മാതൃ ഇടവക



**2017 ജൂലൈ മാസം മൂന്നാം തീയതി ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടായ ചരിത്രവിധിയുടെ ആണിക്കല്ലും യഥാർത്ഥത്തിൽ 1876 ലെ മുളന്തുരുത്തി സുന്നഹദോസായിരുന്നു. 1879 ആലപ്പുഴ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത പരാതിയാണ് റോയൽ കോടതി വിധിയായി പുറത്തുവന്നത്. റോയൽ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് മലങ്കര സഭയ്ക്ക് ലഭ്യമായിട്ടുള്ള 1958 മുതലുള്ള മുഴുവൻ കോടതിവിധികളും ലഭിച്ചിട്ടുള്ളത്.**

യാണ് മുളന്തുരുത്തി മാർത്തോമൻ പള്ളി. പരിശുദ്ധ പരുമല തിരുമേനിയുടെ ആധ്യാത്മിക ജീവിതത്തിന് രൂപവും ഭാവവും നൽകുന്നതിൽ നിർണായ നിർണായക സ്ഥാനം വഹിച്ച ഇടമാണ് വെട്ടിക്കൽ മാർത്തോമൻ ദയറ. പരിശുദ്ധ പരിമല തിരുമേനിയുടെ പൂർവ്വ സൂരികൾ ആയിരുന്ന കാട്ടുമങ്ങാട്ട് പിതാക്കന്മാർ തപസനുഷ്ഠിച്ച ഇടമാണ് വെട്ടിക്കൽ ദയറായും തേവനാൽ തടത്തിലുള്ള മാർ ബഹനാൻ ദയറായും. കാട്ടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസ് (ഇളയ ബാവ) വെട്ടിക്കൽ ദയറായിലാണ് കബറടങ്ങിയിട്ടുള്ളത്. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്ഥാപകരായിരുന്ന കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് പിതാവും ഗീവർഗീസ് മാർ കൂറിലോസ് പിതാവും വെട്ടിക്കൽ ദയറ അവരുടെ പ്രാർത്ഥനയ്ക്കും ധ്യാനത്തിനു വിനിയോഗിച്ചിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മുളന്തുരുത്തി കേന്ദ്രമായ പ്രധാന കുടുംബങ്ങളുടെ എല്ലാം തായ്‌വേര് സ്രാമ്പിക്കലും കാട്ടുമങ്ങാട്ടും ഒക്കെയാണ്. പരിശുദ്ധ പരിമല തിരുമേനി കാട്ടുമങ്ങാട്ട് പിതാക്കന്മാരാൻ സ്ഥാപിതമായ തേവനാൽ തടത്തിലുള്ള മാർ ബഹനാൻ ദയറയുടെ നവീകരണത്തിന് നേതൃത്വം വഹിച്ചിരുന്നു എന്നതും ചരിത്ര സത്യമാണ്.

മുളന്തുരുത്തി സുന്നഹദോസ് നിശ്ചയപ്രകാരം വാഴിക്കപ്പെട്ട മുഴുവൻ പിതാക്കന്മാരും ധ്യാനത്തിനു പ്രാർത്ഥനയ്ക്കുമായി തിരഞ്ഞെടുത്തതും വെട്ടിക്കൽ മാർത്തോമൻ ദയറ ആയിരുന്നു. വെട്ടിക്കൽ ദയറായുടെ നവീകരിച്ച വിശുദ്ധ മദ്ബഹായുടെ കൂദാശയും നിർവഹിച്ചത് ഈ പിതാക്കന്മാർ എല്ലാവരും ചേർന്നായിരുന്നു എന്നതും സ്മരണീയമാണ്. 2017 ജൂലൈ മാസം മൂന്നാം തീയതി ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടായ ചരിത്രവിധിയുടെ ആണിക്കല്ലും യഥാർത്ഥത്തിൽ 1876 ലെ മുളന്തുരുത്തി സുന്നഹദോസായിരുന്നു. 1879 ൽ ആലപ്പുഴ ജില്ലാ കോടതിയിൽ, O.S No.439/1054 നമ്പരായി ഫയൽ ചെയ്ത പരാതിയാണ് 1889 ജൂലൈ 12-ാം തീയതി റോയൽ കോടതി വിധിയായി പുറത്തുവന്നത്. റോയൽ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് മലങ്കര സഭയ്ക്ക് ലഭ്യമായിട്ടുള്ള 1958 മുതലുള്ള മുഴുവൻ കോടതി വിധി കളും ലഭിച്ചിട്ടുള്ളത് എന്നതും വിസ്മരിക്കാനാവില്ല.

കൊച്ചി-തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ അതിർത്തി പങ്കിടുന്ന വെട്ടിക്കൽ, ഇന്ന് നാല് ഗ്രാമ പഞ്ചായത്തുകളുടെയും മൂന്ന് താലൂക്കുകളുടെയും സംഗമഭൂമി കൂടിയാണ്. പരിശുദ്ധ പരുമല തിരുമേനിക്ക് ജന്മം നൽകിയ മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ കുരിശുപള്ളിയായിട്ടാണ് ആദ്യകാലത്ത് വെട്ടിക്കൽ ദയറാ അറിയപ്പെട്ടിരുന്നത്. ആയതിനാൽ തന്നെ പരിശുദ്ധ പരുമല കൊച്ചു തിരുമേനി സഞ്ചരിച്ച നടപ്പാതകളാണ് മുളന്തുരുത്തി വെട്ടിക്കൽ പ്രദേശം. ഇന്ന് ശാന്തസുന്ദരമായ ഒരു ഗ്രാമമാണെങ്കിലും പൂർവ്വകാലം വനപ്രദേശമായിരുന്നു എന്ന് പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെയും, സഭയെ നവീകരണ ആശയങ്ങളിലേക്ക് കൊണ്ടുപോകുവാനുള്ള തല്പരകക്ഷികളുടെ ഗൂഢ ശ്രമങ്ങളെയും തകർക്കുക എന്ന ലക്ഷ്യത്തിന്റെ മകുടോദാഹരണമായി മുളന്തുരുത്തി സുന്നഹദോസിനെ വിലയിരുത്തപ്പെടുന്നു. മുളന്തുരുത്തി ഇടവാംഗങ്ങളായിരുന്ന കാട്ടുമങ്ങാട്ട് പിതാക്കന്മാരെ കുന്നംകുളത്തേക്ക് കൂട്ടികൊണ്ട് വന്നത് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരാണ് എന്നതും ചരിത്ര വസ്തുതയാണ്. ഇന്നത്തെ യുവജനപ്രസ്ഥാനത്തിന്റെ അധ്യക്ഷപദം അലങ്കരിക്കുന്ന അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ താവഴിയും പുലിക്കോട്ടിൽ കുടുംബത്തിലാണ് എന്നതും നിയോഗമായിരിക്കാം. മലബാർ സ്വതന്ത്ര സുറിയാനി സഭയിൽ നിന്ന് മൂന്ന് മലങ്കര മെത്രാപ്പോലീത്തമാർ കൈവെപ്പ് സ്വീകരിച്ചിരുന്നു എന്നതും നമുക്ക് നിഷേധിക്കാവുന്നതല്ല. കുന്നംകുളം-മുളന്തുരുത്തി-വെട്ടിക്കൽ-പുലിക്കോട്ടിൽ-കാട്ടുമങ്ങാട്ട്-ചാത്തുരുത്തി ബന്ധങ്ങൾ ചരിത്രത്താളുകളിൽ തങ്ക ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്.

മലങ്കര സഭയ്ക്ക് വേണ്ടി നാല് മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുവാൻ സമ്മേളിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അവിസ്മരണീയവും അനുഗ്രഹവും ആകട്ടെ...




# വളർച്ചയും ദിശാബോധവും



**ഫാ.ജെയിൻ സി. മാത്യു**
(കേന്ദ്ര വൈസ് പ്രസിഡന്റ്)

**ലോ**കത്തിന്റെ വളർച്ചയും ഭാവിയും യുവാക്കളിലാണ് എന്നത് ആവർത്തിച്ച് കേൾക്കുന്ന ഒരു പ്രസ്താവനയാണ്. ഒരു മനുഷ്യന്റെ എല്ലാ പ്രായത്തിലും സമൂഹത്തിനുവേണ്ടി വിവിധ തരങ്ങളായ കാര്യങ്ങൾ ചെയ്യുവാനുള്ള സാധ്യത അവനിൽ തന്നെ അന്തർലീനമാണ്. ഒരു വ്യക്തിയിലുള്ള സാധ്യത അവന്റെ വളർച്ചയെയും അതു വഴി സമൂഹത്തിന്റെ വളർച്ചയെയും സ്വാധീനിക്കുമ്പോൾ തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതും പരിശോധിക്കേണ്ടതും കൃത്യമായ ദിശയും ദിശാബോധവും ആണ്.

നിയന്ത്രണ വിധേയമല്ലാത്ത ശക്തി ദുരന്തമാണ്. അന്തർലീനമായിരിക്കുന്ന ബലം കൃത്യമായ ആവശ്യമുള്ള ഇടങ്ങളിലേക്ക് ആവശ്യമായ രീതിയിൽ നൽകുവാൻ കഴിയുമ്പോഴാണ് അത് പ്രയോജനകരമായി തീരുന്നത്. അപകടകരം എന്ന് നമ്മൾ ചിന്തിക്കുന്ന പലതിനെയും മനുഷ്യന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായും ഉപയോഗിക്കുവാൻ കഴിയും. മൂർച്ചയേറിയ ഒരു ആയുധം ആരുടെ കയ്യിലിരിക്കുന്നു എന്നുള്ളത് വർത്തമാന കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. ആയുധം എന്നുള്ളത് ഒരുദാഹരണം എന്ന് പറഞ്ഞു എന്നെ ഉള്ളൂ. നമ്മുടെ കയ്യിലിരിക്കുന്ന മൊബൈൽ ഫോൺ ആകാം, നമ്മുടെ സംസാരമാകാം, നമ്മുടെ ചിന്തകൾ ആകാം. അത് എങ്ങനെ വിനിയോഗിക്കപ്പെടുന്നു അതെങ്ങനെ സമൂഹത്തിലും വ്യക്തി ജീവിതത്തിലും സ്വാധീനിക്കപ്പെടുന്നു എന്നത് ആവർത്തിച്ചുറപ്പിക്കേണ്ടതും ചിന്തിക്കേണ്ടതുമായ ഒരു വസ്തുതയാണ്. കൃത്യമായ ദിശാബോധത്തോടെ കൂടെ ഉള്ള പ്രവർത്തനം സമൂഹത്തിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ രൂപപ്പെടേണ്ടതായിട്ടുണ്ട്. രാവിലെ എഴുന്നേൽക്കുന്നു ജോലി ചെയ്യുന്നു. ആർഭാടമായി ജീവിക്കുന്നു, ഞാൻ എന്റെ കാര്യം നോക്കുന്നു എന്നുള്ള ഇടുങ്ങിയ ചിന്താഗതിക്ക് അപ്പുറം ഞാൻ വസിക്കുന്ന ഈ ഭൂമിയിൽ എന്റെ സമൂഹത്തിന് എന്ത് ചെയ്യുവാനായിട്ട് കഴിഞ്ഞു ഇനിയും കഴിയും എന്നുള്ളത് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ യുവജനങ്ങളുടെ നല്ല വശങ്ങൾ ധാരാളമുണ്ട്. നല്ല പഠിതാക്കളാണ് അവർ. കേരളത്തിലെ യുവാക്കൾക്ക് വിദ്യാഭ്യാസവും വിവിധ ഭാഷകളിലുള്ള അറിവും ജോലി ചെയ്യുവാൻ ആയിട്ടുള്ള ഗ്രാഹ്യവും വളരെ കൂടുതലാണ്. മാറിവരുന്ന പുതിയ ടെക്നോളജി വളരെ വേഗം മനസ്സിലാക്കുവാനും പഠിക്കുവാനും അത് പ്രവർത്തികളിൽ കൊണ്ടുവരുവാനും യുവജനങ്ങളോളം കരുത്തും ബലവും അറിവും മറ്റാർക്കും അവകാശപ്പെടാൻ പറ്റില്ല. സമൂഹത്തിൽ ഒരു തെറ്റ് കണ്ടാൽ അതിനെ ചോദ്യം ചെയ്യുവാനും ആർജ്ജവത്തോടെ അതിന്റെ പിന്നിൽ അണി നിരക്കുവാനും ആ തെറ്റിനെ തിരുത്തുവാനും ഉള്ള സാമൂഹിക പ്രതിബദ്ധത ഇന്ന് യുവാക്കൾക്ക് വർദ്ധിക്കുന്നുണ്ട്. പ്രളയ കാലവും കോവിഡ് കാലവും ഒക്കെ നമ്മെ കടന്നു പോകുമ്പോൾ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ യുവജനങ്ങളുടെ എണ്ണവും അവർ നൽകിയ സേവനവും അവരുടെ മനസ്സും വിസ്മരിക്കാൻ പറ്റില്ല.

ഇങ്ങനെ വളരെ ഏറെ നല്ല വശങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോഴും യുവജനങ്ങളുടെ മുമ്പിലുള്ള വെല്ലുവിളികൾ അനവധിയാണ്. വലിയൊരു പ്രതിസന്ധി രൂപപ്പെടുമ്പോൾ എന്ത് ചെയ്യണം അത് എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ള ആശയക്കുഴപ്പവും ലക്ഷ്യമില്ലായ്മയും വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. സോഷ്യൽ മീഡിയയിലുള്ള അടിമത്തം, റീലിലും ലൈക്കിലും മാത്രമായി ജീവിതത്തെ ചുരുക്കുമ്പോൾ നിവർന്നു നിൽക്കുവാനും സഹജീവിയുടെ മുഖത്ത് നോക്കുവാനും മറന്നു പോകുന്ന യുവത സമൂഹത്തിൽ ഉണ്ട്. സമ്മർദ്ദം മാറ്റുവാൻ, ജോലിയുടെ സ്ട്രസ്സ് മാറ്റുവാൻ എന്നുള്ള പേരിൽ ലഹരി ഉപയോഗത്തിലേക്ക് കടക്കുന്ന തലമുറയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഠിനാ ധ്വാനം ചെയ്യാതെ പെട്ടെന്ന് പേരും പണവും സമ്പാദിക്കുവാൻ പെട്ടെന്നുള്ള വിജയത്തിനായി വളഞ്ഞ വഴിയിലേക്ക് തിരിയുന്ന വർത്തമാനകാല യുവത ഇന്ന് സമൂഹത്തിലുണ്ട്.

ഊർജ്ജം ഉള്ളിലുള്ളപ്പോൾ തന്നെ ദിശാബോധം നഷ്ടപ്പെടുമ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കും. സ്വയം വളരുവാൻ ഒരു മനസ്സ് രൂപപ്പെടണം. ഞാൻ വളരുക സ്വയം വളരുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്നോടൊപ്പം എന്റെ ചുറ്റുമുള്ള വരും എന്റെ സമൂഹവും ആരോഗ്യപരമായി വളരണം എന്നതാണ്.

..................................................................(ശേഷം പേജ് 28 ൽ)



# മലങ്കര അസോസിയേഷൻ

## സഭയുടെ പരമോന്നത അധികാരസമിതി



**ഫാ. ഡോ. എം. ഒ. ജോൺ**

മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനും സഭയിലെ ഭദ്രാസന ഭരണമുള്ള എല്ലാ മെത്രാപ്പോലീത്താമാരും സഭാസ്ഥാനികളും മാനേജിംഗ് കമ്മറ്റി അംഗങ്ങളും എല്ലാ ഇടവകകളിൽ നിന്നുമുള്ള വൈദികരും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉൾക്കൊള്ളുന്ന ഏറ്റവും വിപുലമായ പ്രാതിനിധ്യമുള്ള സമിതിയാണ് മലങ്കര അസോസിയേഷൻ.

സഭാ ഭരണഘടനയുടെ 70 മുതൽ 77 വരെയുള്ള വകുപ്പുകളിൽ മലങ്കര അസോസിയേഷനെക്കുറിച്ചും അസോസിയേഷന്റെ അധികാരാവകാശങ്ങളെക്കുറിച്ചും പ്രത്യേകം പറയുന്നുണ്ട്.

1876-ലെ മുളന്തുരുത്തി സുന്നഹദോസും അതിനുശേഷം കൂടുന്ന പള്ളിപ്രതിപുരുഷയോഗങ്ങളുമാണ് പ്രധാനമായും മലങ്കര അസോസിയേഷൻ എന്ന നിലയിൽ അറിയപ്പെടുന്നത്.

മുളന്തുരുത്തി സുന്നഹദോസിനു മുമ്പ് 1836-ൽ കൂടിയ മാവേലിക്കര സുന്നഹദോസ്, 1886-ലെ ചെങ്ങന്നൂർ സുന്നഹദോസ്, 1809-ലെ കണ്ടനാട് യോഗം, അതുപോലെ കൂടിയ യോഗങ്ങളൊക്കെ ഏകദേശം പ്രാതിനിധ്യ സ്വഭാവങ്ങളുള്ള പള്ളിപ്രതിപുരുഷയോഗങ്ങളായിരുന്നു. 1653 ജനുവരി മൂന്നിന് നടന്ന കൂനൻകുരിശ് സത്യത്തിനുശേഷം ഒരുമാസം കഴിഞ്ഞ് ആ വർഷം മൂന്നുനോമ്പിനോടനുബന്ധിച്ച് ഇടപ്പള്ളി പള്ളിയിൽ പതിവുപോലെ കൂടിയ ജനസമൂഹം തോമസ് അർക്കദിയാക്കോനെ സഭയുടെ ഭരണകർത്താവായി പ്രഖ്യാപിച്ചു. സഭാഭരണത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ നാലു പ്രമുഖ പുരോഹിതന്മാർ ഉൾക്കൊള്ളുന്ന ഒരു കൗൺസിലിനെയും തെരഞ്ഞെടുത്തു.

അതിനുശേഷം മെയ് മാസം രണ്ടാം തീയതി ആലങ്ങാട്ട് ചേർന്ന യോഗ തീരുമാനമനുസിച്ച് പന്ത്രണ്ട് പട്ടക്കാർ ചേർന്ന് തോമസ് അർക്കദിയാക്കോനെ മെത്രാൻ സ്ഥാനത്തേക്കുയർത്തി. ഇപ്രകാരം മലങ്കരസഭാചരിത്രത്തിൽ നടന്നിട്ടുള്ള പ്രധാന സംഭവങ്ങൾ എല്ലാം സഭാംഗങ്ങളുടെ മുഴുവനും പ്രാതിനിധ്യമുള്ള യോഗതീരുമാനങ്ങളുടെ പശ്ചാത്തലത്തിലാണ് നടന്നിട്ടുള്ളത്.

കൂനൻകുരിശ് സത്യത്തിനുശേഷം മുളന്തുരുത്തി സുന്നഹദോസ് വരെയുള്ള കാലഘട്ടങ്ങളിൽ ഇരുപതോളം പള്ളിപ്രതിപുരുഷയോഗങ്ങൾ കൂടിയിട്ടുണ്ട്.

1599-ൽ റോമൻ ആർച്ചു ബിഷപ്പ് മെനസിസ് വിളിച്ചുകൂട്ടിയ ഉദയംപേരൂർ സുന്നഹദോസും ഒരു പള്ളി പ്രതിപുരുഷയോഗം അഥവാ അസോസിയേഷൻ ആയിരുന്നു.

1876-ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിക്കൊണ്ട് പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ 1876 ഇടവമാസം 22-ാം തീയതി കരിങ്ങാശ്ര പള്ളിയിൽനിന്ന് പുറപ്പെടുവിച്ച കല്പനയിൽ പറയുന്നു, .....അതിനാൽ ഇപ്പോൾ നിങ്ങളോട് അറിയിക്കുന്നതെന്തെന്നാൽ, വാഴ്വിന്റെ ഈ കുറി നിങ്ങളുടെ കൈകൾക്ക് എത്തുന്ന നേരത്തിൽ നിങ്ങൾ എല്ലാവർക്കും വേണ്ടി സുന്നുഹദോസിന്റെ മുമ്പാകെ പറവാൻ സത്യവും വിശ്വസ്തതയും ഉള്ളവരായി നിങ്ങ

ളിൽനിന്ന് ഒരു കശ്ശീശായെയും രണ്ടു പ്രമാണികളെയും തെരഞ്ഞെടുക്കുകയും സുന്നഹദോസിൽ ഉറക്കപ്പെടുന്ന കാര്യങ്ങളെ നിങ്ങൾ സ്വീകരിപ്പാൻ തക്കവണ്ണം നിങ്ങളുടെ ആലോചന അവരെ ഭരമേല്പിച്ച് അയക്കുകയും വേണം. പൊതുവിൽ നമ്മുടെ സഭയുടെ ആത്മീകകാര്യങ്ങളെപ്പറ്റി ആലോചിച്ച് ഉറപ്പാൻ വേണ്ടിയുള്ള ഈ സുന്നഹദോസ് മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വാഴ്ത്തപ്പെട്ട മുളന്തുരുത്തി പള്ളിയിൽ ആകകൊണ്ട് ഈ വരുന്ന മിഥുനമാസം 15-ാം തീയതി നമ്മുടെ മുമ്പാകെ വന്നുചേർന്നുകൊൾകയും വേണം.... ഇപ്രകാരം മലയാളത്തുള്ള എല്ലാ പള്ളികൾക്കും കല്പന അച്ചടിപ്പിച്ച് മുദ്രവെച്ച് അയച്ചു. (കണ്ടനാട് ഗ്രന്ഥവരി)

മുളന്തുരുത്തി സുന്നഹദോസ് സഭാ ഭരണം സംബന്ധിച്ചും വിശ്വാസം സംബന്ധിച്ചുമുള്ള പതിനെട്ട് തീരുമാനങ്ങൾ (കാനോനുകൾ) സ്വീകരിച്ചു. അതിൽ ഏഴാമത്തെ തീരുമാനം .....പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും അതിൽനിന്നുള്ള വിശേഷഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവെ ഉണ്ടാകുന്നതിനും എന്തു മാർഗ്ഗമെന്നു ചിന്തിക്കുന്നത് എത്രയും ആവശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിനിമിത്തം പള്ളിവക മുതൽ ദുർലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽനിന്നുതന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നു. അതിലേക്ക് ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിന് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരും അതിൽ ഇപ്പോഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പെയ്റ്ററനും, ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡന്റും ആയിരിക്കേണ്ടതും, ഇതിലേക്ക് ചേരപ്പെടേണ്ട ജനങ്ങൾ നാലു ക്ലാസ്സായിട്ടും ഒന്നാം ക്ലാസ്സ് നൂറീതു രൂപായും രണ്ടാം ക്ലാസ്സ് അമ്പതീതു രൂപായും മൂന്നാം ക്ലാസ്സ് ഇരുപത്തഞ്ചീതു രൂപായും നാലാം ക്ലാസ്സ് പതുപ്പത്തു രൂപായും പള്ളി ഒന്നുക്ക് അഞ്ഞൂറു രൂപാ മുതൽ കീപ്പോട്ട് താരതമ്യ പ്രകാരവും പ്രവേശന പീസ്സു കൊടുത്തു ചേരേണ്ടതും, തൽക്കാലം മുതൽ ഹാജരില്ലെങ്കിൽ തിങ്ങളിൽ നൂറ്റുക്ക് ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹ സിക്രട്ടറിക്കു കടപത്രം എഴുതികൊടുക്കേണ്ടടതും കൊള്ളാമെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു. (കണ്ടനാട് ഗ്രന്ഥവരി)

മുളന്തുരുത്തി സുന്നഹദോസിൽവെച്ച് ഇപ്രകാരം ഒരു തീരുമാനം ഉണ്ടായതും അസോസിയേഷൻ രൂപീകരിച്ചതും മലങ്കരസഭയ്ക്ക് ഗുണമായി ഭവിച്ചുവെന്നതിനു സംശയമില്ല. എന്നാൽ നവീകരണ വിഭാഗത്തിന്റെ കൈവശമായിരുന്ന പള്ളികളും സ്വത്തുക്കളും വീണ്ടെടുക്കാൻ വ്യവഹാരങ്ങൾ നടത്തേണ്ടത് ആവശ്യമായിരുന്നു. അതിനുവേണ്ട പണം സ്വരൂപിക്കുക മലങ്കര അസോസിയേഷൻ രൂപീകരണത്തിന്റെ ഒരു പ്രധാന ഉദ്ദേശമായിരുന്നു എന്നും വ്യക്തമാണ്.

അതുപോലെതന്നെ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരങ്ങൾ നിയന്ത്രിക്കുക എന്നതും അസോസിയേഷൻ രൂപീകരണത്തിന്റെ മറ്റൊരു പ്രധാന ഉദ്ദേശമായിരുന്നു എന്ന് മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയങ്ങളിൽനിന്നും സുന്നഹദോസിൽ പ. പാത്രിയർക്കീസ് ബാവാ നടത്തിയ പ്രസ്താവനകളിൽനിന്നും വ്യക്തമാണ്.

മുളന്തുരുത്തി സുന്നഹദോസ് കൂടുന്നതിനു മൂന്നുവർഷം മുമ്പ് 1873 ചിങ്ങമാസം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ വടക്കും തെക്കുമുള്ള 80 പള്ളികളിൽനിന്നുള്ള പ്രതിനിധികളും വൈദികരും ഉൾപ്പെട്ട ഒരു യോഗം പരുമലയിൽ സമ്മേളിച്ചു. പ്രസ്തുത യോഗം ഇരുപതിലധികം തീരുമാനങ്ങൾ കൈക്കൊണ്ടു. അതിൽ സഭ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു അസോസിയേഷൻ രൂപീകരിക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്.

മുളന്തുരുത്തി സുന്നഹദോസിൽ എടുത്ത തീരുമാനം 1889-ലെ റോയൽ കോടതിവിധിയോടെ നിയമപരമായ അംഗീകാരം നേടുകയും ചെയ്തു. 1934ൽ നിലവിൽ വന്ന ഭരണഘടനയിൽ മലങ്കര അസോസിയേഷന്റെ ഘടനയും പ്രവർത്തനവും വ്യക്തമായി നിർവ്വചിക്കപ്പെട്ടു. അതനുസരിച്ച് ഇപ്പോൾ വീണ്ടും ഒരു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം മുളന്തുരുത്തിയിൽ ചേരുന്നു.

# വെട്ടിക്കൽ ദയറായും രണ്ടാം മുളന്തുരുത്തി സുന്നഹദോസും





**ഫാ. അഡ്വ. കുറിയാക്കോസ് ജോർജ്**
**മാനേജർ, സെന്റ് തോമസ് ദയറാ, വെട്ടിക്കൽ**

### *വെട്ടിക്കൽ ദയറായും പരുമല തിരുമേനിയും*

*മലങ്കര സഭയുടെ ചരിത്രത്തിലെ ആദ്യ സന്യാസ ഭൂമികയാണ് മുളന്തുരുത്തി വെട്ടിക്കൽ മാർത്തോമൻ ദയറാ. തൊള്ളായിരം വർഷങ്ങളുടെ ചരിത്രമാണ് ഈ പുണ്യഭൂമിക്ക് പറയാനുള്ളത്. എ.ഡി. 1125–ൽ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ അതിർത്തിയിൽ ചെങ്കല്ലിൽ വെട്ടിയെടുത്ത കുരിശ് സ്ഥാപിച്ചുകൊണ്ടാണ് ഈ പ്രസ്ഥാനത്തിൻറെ ആരംഭം. വടക്കൻ പ്രദേശങ്ങളിലെ പ്രത്യേകിച്ച് പിറവം, കണ്ടനാട്, മുളന്തുരുത്തി, നടമേൽ, കരിങ്ങാച്ചിറ തുടങ്ങി വിവിധ ദേവാലയങ്ങളിലെ സന്യസ്ഥരായ വൈദികരുടെ ആശ്രയമായിരുന്നു ദയറാ. വളർച്ചയുടെ പടവുകളിൽ മലങ്കര സഭയ്ക്ക് അതുല്യമായ സംഭാവനകൾ നൽകിയ ഒരു പ്രസ്ഥാനമാണ് ഇത്.*

### *ചരിത്രത്തിലെ ചില നാഴികക്കല്ലുകൾ*

*എ.ഡി. 1125 ചെങ്കല്ല് കൊണ്ടുള്ള കുരിശ് സ്ഥാപിക്കപ്പെട്ടു. ഇന്നും ഈ കൽക്കുരിശ് ദയറായുടെ കിഴക്കുവശത്തായി തലയുയർത്തി നിൽക്കുന്നു. 1200–ൽ കുരിശുപള്ളിയായി ഉയർത്തപ്പെട്ടു. പതിനാറാം നൂറ്റാണ്ടിൽ തുറബ്ദീനിൽ നിന്നും മലങ്കരയിലേക്ക് വന്ന സംഘത്തിലെ മാർ അന്ത്രയോസ് ബാവാ ദീർഘകാലം ഇവിടെ താമസിച്ചിരുന്നു. വെട്ടിക്കൽ ദയറാ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ അതിർത്തികൾക്കുള്ളിൽ നിലനിർത്താൻ ലഹള നടന്നതായി ചരിത്രം സാക്ഷിക്കുന്നുണ്ട്. കൊല്ലവർഷം 989 വെട്ടിക്കൽ പള്ളി നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് തിരുവിതാംകൂർ കൊച്ചി രാജ്യങ്ങൾ തമ്മിലുണ്ടായ തർക്കത്തിൽ റസിഡൻറ് ഇടപെടണമെന്ന് ആവശ്യപ്പെട്ട് കൊച്ചി മഹാരാജാവ് കത്തെഴുതി എന്നതും ചരിത്ര വസ്തുതയാണ്. തൊഴിയൂർ സഭയുടെ വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട കാട്ടുമങ്ങാട്ട് ഇളയ ബാവ എന്നറിയപ്പെടുന്ന ഗീവർഗീസ് മാർ കൂറിലോസ് 1809–ൽ കാലം ചെയ്ത് കബറടങ്ങിയിരിക്കുന്നതും ഇവിടെയാണ്. മുളന്തുരുത്തി പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന കാലത്ത് ചാത്തുരുത്തി ഗീവർഗീസ് കത്തനാർ (പിന്നീട് പരുമല തിരുമേനി)*

*വ്രതമനുഷ്ഠിച്ചു ജീവിച്ചതും ഈ പുണ്യ ഭൂമിയിലാണ്.*

*വെട്ടിക്കൽ ദയറായെ മലങ്കര സഭ യുടെ ആദ്യ സന്യാസഭവനം എന്ന ഖ്യാതിക്കുമപ്പുറം പ്രഥമ ഗണനീയമാക്കുന്ന ചില വസ്തുതകൾ പരാമർശിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.*

1. വേദപുസ്തക തർജ്ജിമ

*വേദപുസ്തകത്തിന്റെ ആദ്യ മലയാള തർജ്ജിമയായി കണക്കാക്കപ്പെടുന്നത് കായംകുളം ഫിലിപ്പോസ് റമ്പാനാൽ വിരചിതമായ 'റമ്പാൻ ബൈബിൾ' ആണ്. 1775 ൽ ഫിലിപ്പോസ് റമ്പാൻ ശെമ്മാശ്ശനായിരുന്ന കാലത്ത് വെട്ടിക്കൽ ദയറായിൽ താമസിക്കുകയും തേവനാൽ തടത്തിൽ വനവാസമനുഷ്ഠിച്ചിരുന്ന കാട്ടുമങ്ങാട്ട് ബാവമാരുടെ കൈവശമുണ്ടായിരുന്ന സുറിയാനി ഭാഷയിലുള്ള സുവിശേഷങ്ങളുടെ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയതായി രേഖകൾ ഉണ്ട്. പിൽക്കാലത്ത് ഈ കയ്യെഴുത്ത് പ്രതികൾ ഇംഗ്ലീഷ് മിഷനറി ആയിരുന്ന ബുക്കാനൻ കൊണ്ടുപോവുകയും ഇന്നും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെടുന്നു എന്നതും ചരിത്ര വസ്തുതയാണ്. ഈ കയ്യെഴുത്ത് പ്രതികളാണ് 'റമ്പാൻ ബൈബിൾ' എന്ന മലയാള ഭാഷ തർജ്ജിമയിലേക്ക് അദ്ദേഹത്തെ നയിച്ചത് എന്നതും വെട്ടിക്കൽ ദയറായുടെ നിയോഗമാണ്.*

2. ദേവാലയത്തിന്റെ ഘടന

*മലങ്കര സഭയിൽ ഇദംപ്രഥമായാണ് ഇത്തരത്തിൽ വ്യത്യസ്തമായ ഘടനയിൽ ഒരു ദേവാലയം നിർമ്മിക്കപ്പെടുന്നത്. രണ്ടു നിലകളിലായിട്ടാണ് ഇതിന്റെ നിർമ്മിതി. സഭയുടെ സാമൂഹിക ആരാധനയിൽ പൊതുജനങ്ങൾക്കും പങ്കെടുക്കത്തക്ക വിധം താഴെ ഒരു ദേവാലയവും, സന്യസ്ഥർക്ക് ധ്യാനത്തിനും മനനത്തിനും ആയി മുകളിൽ ഒരു ധ്യാനമുറിയുമായാണ് ഈ ദേവാലയത്തിന്റെ പണിയപ്പെട്ടത്. 1877 ടി. ദയറാ ചാപ്പലിന്റെ കൂദാശ മലങ്കര മെത്രാപ്പോലീത്തയുടെയും ആ കാലയളവിൽ വാഴിക്കപ്പെട്ട എല്ലാ മെത്രാപ്പോലീത്തന്മാരുടെയും നേതൃത്വത്തിൽ നിർവഹിക്കപ്പെട്ടത്. 1881ൽ ഇതിനോടനുബന്ധമായി സന്യാസഭവനത്തിന്റെ പണി പൂർത്തിയായതായി ദേവാലയത്തിന്റെ ഉത്തരത്തിൽ സുറിയാനി ഭാഷയിൽ ലിഖിതങ്ങൾ ഉണ്ട്. ഇതിന് നേതൃത്വം നൽകിയത് പ. പരുമല തിരുമേനിയാണ്. 1976 ഡിസംബർ 10ന് പരുമല തിരുമേനിയുടെ മെത്രാപ്പോലീത്ത സ്ഥാനാരോഹണത്തിന്റെ നൂറാം വാർഷിക ദിനത്തിൽ ഈ മേൽത്തട്ട് അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത പരുമല തിരുമേനിയുടെ നാമധേയത്തിൽ ഒരു ചാപ്പലായി പണിയുകയും പരി. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവ പ്രതിഷ്ഠ നിർവഹിക്കുകയും ചെയ്തു. ഡിസംബർ 10 പരുമല തിരുമേനിയുടെ പെരുന്നാൾ ആയി ഇന്നും ആചരിച്ചു വരുന്നു.*



ചരിത്രം പേറുന്ന വെട്ടിക്കൽ ദയറായുടെ ഒരു പഴയ ചിത്രം

3. സുന്നഹദോസിന്റെ ആദിമരൂപം

*1876 ൽ പത്രോസ് തൃതീയൻ പാത്രിയാർക്കീസ് മലങ്കര സഭയെ 'വിഭജിച്ച് ഭരിക്കുക' എന്ന ലക്ഷ്യം വെച്ച് വിവിധ ഭദ്രാസനങ്ങളായി ഭാഗിച്ച് പരിശുദ്ധ പരുമല തിരുമേനി അടക്കം മെത്രാപ്പോലീത്തമാരെ വാഴിച്ചപ്പോൾ മലങ്കര മെത്രാപ്പോലീത്ത അടക്കം നവഭിഷക്തരായ മെത്രാപ്പോലീത്തമാർ വെട്ടിക്കൽ ദയറായിൽ താമസിച്ച് 40 ദിവസം ധ്യാനിക്കുകയും മലങ്കര മെത്രാപ്പോലീത്തയുടെ നേതൃത്വം അംഗീകരിച്ച് മലങ്കരയിൽ ഒരു സഭയായി നിലകൊള്ളുവാൻ തീരുമാനിക്കുകയും ചെയ്തു. ഏകനായകനാൽ നയിക്കപ്പെട്ടിരുന്ന മലങ്കര സഭ അങ്ങനെ സുന്നഹദോസിനാൽ ഭരിക്കപ്പെടുന്നതിന്റെ ആദിരൂപം മലങ്കര സഭയിൽ ദൃശ്യമായത് വെട്ടിക്കൽ ദയറായിലെ ഈ ധ്യാന ശേഷമാണ്.*

*അങ്ങനെ മലങ്കര സഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടായി വീണ്ടുമൊരു അസോസിയേഷന് വെട്ടിക്കൽ ദയറാ വേദിയാകുന്നു.*

*നവശതാബ്ദി നിറവിൽ വെട്ടിക്കൽ ദയറാ പരിശുദ്ധ സഭയ്ക്ക് നവചൈതന്യമാകട്ടെ.*

# പിൻകുറിപ്പ്

**ഞാൻ സത്യമായും സരസമായും നിങ്ങളോട് പറയുന്നു...**

ഏണസ്റ്റ് കിർക്ക് എന്നൊരു ഇംഗ്ലീഷുകാരന് ശിവഗിരി മഠത്തിൽ ശ്രീനാരായണഗുരു ദീക്ഷ നൽകി സന്യാസ പരമ്പരയിൽ ചേർത്തു ചരിത്രമുണ്ട്. പതിവിന് വിപരീതമായി ദീക്ഷയ്ക്കു ശേഷം കാഷായമോ പുതിയ സന്യാസനാമമോ നൽകിയില്ല. ഉപവാസവും വ്രതവും പതിവുപോലെ അനുഷ്ഠിക്കപ്പെട്ടു. യൂറോപ്യൻ രീതിയിൽ ഒരു സെറ്റ് സ്യൂട്ടും കോളറും ടൈയും ഷൂസും ഗുരു നിർദ്ദേശിച്ചതനുസരിച്ച് അണിയിച്ചാണ് ദീക്ഷ നൽകിയത്. പേരിനൊപ്പം 'സ്വാമി' എന്ന് ചേർക്കാൻ അനുവാദവും നൽകി പിൽക്കാലത്ത് 'കിർക്ക് സ്വാമി' എന്ന് അറിയപ്പെട്ടു.

ഒരു ആശ്രമാധിപൻ അഥവാ ബിഷപ്പ് സന്യാസനിഷ്ഠ ആഗ്രഹിക്കുന്ന അകവൃത്തത്തിൽ ഇല്ലാത്തൊരാൾക്ക് (തൽക്കാലം അങ്ങനെ പറയാനേ കഴിയുന്നുള്ളൂ ക്ഷമിക്കുക!) ഈ വിധത്തിൽ ദീക്ഷ നൽകുമോ? നൽകിയാൽ അദ്ദേഹം അകവൃത്തത്തിൽ ഉണ്ടാകുമോ? ഈ ചോദ്യം ചോദിക്കുന്നവൻ തന്നെ ഉണ്ടാകുമോ എന്ന് ഭയലേശമുണ്ട്.

നവോത്ഥാനം കേവലം ജാതിവ്യവസ്ഥകൾക്കെതിരായുള്ള സമരമല്ലെന്നും കാലഘട്ടത്തെ ഉൾക്കൊള്ളൽ ആണെന്നും ഇനിയും തിരിച്ചറിഞ്ഞില്ലെങ്കിൽ സഹസ്രാബ്ദ സ്ഥിതിവിവര കണക്കുകളിൽ അഭിരമിക്കുന്ന ഒരു വൃന്ദമായി നാം അവശേഷിക്കും. ഇടക്കുർബാനയ്ക്ക് അഞ്ചാം തുബ്ദേൻ ചുരുക്കി വായിച്ച ശുശ്രൂഷകനെ നടയടിക്കുന്നവർ ഓർത്താൽ നന്ന്! ഇത് അവസാനത്തെ ശുശ്രൂഷക ശ്രേണി ആകാനും സാധ്യതയേറെയാണ്. അത്രത്തോളം തലമുറയെ അവഗണിക്കുന്നുണ്ട്.

പുൽപിറ്റുകളിൽ നിന്ന് ജെൻസികളെ (GenZ) അടച്ചാക്ഷേപിക്കുന്നവർ, അവരുടെ നിരീശ്വരത്വത്തെ ചോദ്യം ചെയ്യുന്നവർ, അതിനെതിരെ ആകാശത്തു നിന്നും തീ ഇറക്കുന്നവർ... പുതു തലമുറയുടെ സന്ദേഹങ്ങൾക്ക് നേരെ മുഖം തിരിക്കുന്ന വരത്രേ!. അവർ വളർന്നുവന്ന സംസ്കാരത്തിൽ നിന്നും ഈശ്വരൻ പടിയിറങ്ങി പോയതിന്റെ ഉത്തരവാദിത്വം നമുക്കു കൂടിയാണ്, മറുപടി പറഞ്ഞേ തീരൂ.

ഹിതാനുരൂപത്വം എന്നൊരു വാക്കുണ്ട് പൊരുത്തപ്പെടുക എന്നാണർത്ഥം. വ്രതങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഭംഗമുണ്ടാകാതെ ആരാധനയിലും കൂദാശകളിലും ഈ വാക്ക് കാലം ആവശ്യപ്പെടുന്നുണ്ട്. ചൂട്ടുകത്തിച്ച് 100% പേരും പള്ളിക്കുള്ളിൽ ഹാജർ വച്ചിരുന്ന രാത്രി ശുശ്രൂഷകളൊക്കെ ഓർമ്മയായി. സൗകര്യപ്പെട്ടുമെങ്കിൽ (പന്നിയും തെരുവുനായയും പിന്നെ കള്ളനും അനുവദിച്ചാൽ) എത്തിയേക്കാം എന്നൊരു 30 ശതമാനമേ ബാക്കിയുള്ളൂ. അതിനിയും "നട്ടു രാത്രിയിൽ തന്നെ ഉളവായാൽ" ആശാനും വിളക്കുമേ അവശേഷിക്കൂ. ബഹുജനങ്ങളുടെ 'പ്രിയ'ങ്ങൾ നമുക്ക് പിൻകാലുകൊണ്ട് തള്ളിനീക്കാം പക്ഷേ കാലം ആവശ്യപ്പെടുന്ന 'ഹിത'ങ്ങൾ മറികടന്നു പോകാനാകില്ല.

അഖില ഭാരത സഭ എന്നൊക്കെ വാതോരാതെ പറഞ്ഞിരുന്ന ഗുരുക്കന്മാർ ഒരുപക്ഷേ ഇതും ആഗ്രഹിച്ചിട്ടുണ്ടാകും യഹൂദനും യവനനും ബർബരനും ശകനും ദാസനുമൊക്കെ അവനവൻ്റെ തട്ടകത്തിൽ നിന്ന് നിർഭയം വിശ്വാസപ്രമാണം ചൊല്ലുന്ന ഒരു കാഴ്ച. വിശ്വാസപ്രമാണത്തിന്റെ വാർഷികവും കഴിഞ്ഞു, മിഷൻ വയലുകളൊക്കെ ഏതാണ്ട് വിറ്റു തീരാനും തുടങ്ങി. നമുക്കിനി അല്പം ഉറങ്ങി ആശ്വസിക്കാം. ദാരിദ്ര്യം വഴിപോക്കനേ പോലെയും ബുദ്ധിമുട്ട് ആയുധപാണിയെ പോലെ വരാതിരിക്കാൻ പൂർവ്വസൂരികൾ തുണയ്ക്കട്ടെ!

19ാം നൂറ്റാണ്ടിലെ അദ്വൈത വേദാന്തിയായിരുന്ന ഒരു മഹാഗുരു തനിക്ക് ചുറ്റും വളർന്നുവരുന്ന ഒരു യുവതലമുറയെ അഭിസംബോധന ചെയ്തു വിധമോർക്കാം. അനുഷ്ഠാനങ്ങൾക്ക് ഭംഗം വരാതെ അവർ നിലനിന്ന സംസ്കാരത്തെ ഉൾക്കൊള്ളാനൊരു നൂതന പാഠം. യൂറോപ്യൻ സംസ്കാരത്തെ അത്രകണ്ട് അഭിനന്ദിച്ച ആളൊന്നുമായിരുന്നില്ല ഗുരു. പക്ഷേ ലോകത്തിലെ ഏറ്റവും വികസിതമായ ഒരു പടിഞ്ഞാറൻ യുവതലമുറയെ പോലും അക്കോമഡേറ്റ് ചെയ്യാൻ തന്റെ ദർശനത്തിന് പ്രാപ്തിയുണ്ടെന്ന് അദ്ദേഹം തെളിയിക്കുകയായിരുന്നു.

മലങ്കര സഭയെക്കുറിച്ചും ഇപ്രകാരം സ്വപ്നങ്ങൾ ഉണ്ടാകണം. ലോകത്തിന്റെ കോണിലെ ഏതൊരാളെയും പ്രവേശിപ്പിക്കാനുള്ള ഒരു പടിഞ്ഞാറൻ വാതിൽ. സമാധാനത്തിനു മുമ്പ് ധൂപക്കുറ്റിയേന്തി നാടകശാലയിലേക്ക് വരുന്ന ശുശ്രൂഷകൻ അത് അടയ്ക്കാതിരിക്കട്ടെ!.,

വിശുദ്ധ ത്രോണോസിലേക്ക് താല്പര്യപൂർവ്വം നോക്കുന്നവർക്ക് നൂലാമാലകൾ ഇല്ലാതെ ആ ശാന്തി കൈക്കൊള്ളുവാനും ഇടയാകട്ടെ!

ഗുരുവിന്റെ അദ്വൈതം ശങ്കരദർശനം പോലെ 'ജഗന്മിഥ്യ' ആയിരുന്നില്ല ജീവിത ക്ലേശങ്ങളെ ഉൾക്കൊണ്ട വാദമായിരുന്നു അത്.

**–മുകളിലച്ചൻ**
frthomasp@gmail.com



Baptism of

# Emilia Mariam Linoj

daughter of

Adv. Linoj Daniel & Reenu Raju

Baptism date: 04th July 2026



# BASELIOS

## MATHEWS II COLLEGE OF ENGINEERING
## MATHEWS II POLYTECHNIC COLLEGE
## CENTRE FOR MANAGEMENT STUDIES

Lake View, Muthopilakado P.O. Sasthamoctta, Kallam - 690520
(Approved by AICTE, Affiliated to APJ Addal Kalam Technological University)
NAAC Accredited College with NBA Accredited Programe & ISO Certified Institution.
Ministry of Electronics & Information Technology, Bost. of India.

B+ NAAC

NBA NATIONAL BOARD of ACCREDITATION

MATHEWS II COLLEGE OF ENGINEERING
MATHEWS II POLYTECHNIC COLLEGE
CENTRE FOR MANAGEMENT STUDIES

Kirf Kerala Institutional Ranking Framework

| 2025 KIRF RANKINGS | 2025 KISF RANKINGS |
|---|---|
| 36th | 21st |
| State Ranking | Among-all self-Financing Engineering Colleges |

**COURSES OFFERED**

**M.B.A**
- HRM
- Marketing
- Finance
- Operation

**Diploma**
- Automobile Engineering
- Civil Engineering
- Computer Science & Engineering
- Mechanical Engineering

**B.Tech.**
- Computer Science & Engineering
- Artificial Intelligence
- Electrical and Electronics Engineering
- Electronics and Communication Engineering
- Mechanical Engineering
- Civil Engineering



Our college has received the Campus Industrial Park Developer Permit from Hon. Minister P. Rajeev of the Government of Kerala at the Developers Conclave held in Thiruvananthapuram.

www.bmce.ac.in
bm2coe@gmail.com
8281 801 579
0476 2835579

**For Admission Contact :**
**9443474555, 8281801579, 9447071880, 9496327355**

**Admission Open for Diploma/ B.Tech./M.B.A.**





PINNACLE Smart Technologies

Celebraring Internship Success with Global Exposure - Engineering Students on Corporate Visit to Dubai.











# *Baptism of*

## *Isabel Ann Nithin (Hannah)*

*daughter of*

### *Dr. Nithin Kuriakose,*

*(Regional Secretary, OCYM Malabar Zone)*

### *and Dr. Geslin Nithin*

*Choorakkathadathil House, Thamarassery, Kozhikode.*

*Baptised on 18 August 2026 at Parumala Seminary*
*by His Holiness Baselios Marthoma Mathews iii,*
*Catholicos of the East and Malankara Metropolitan.*

## M3 INTERNATIONAL

“നാളെയും നിർമ്മിക്കുന്നത്”

# M3 INTERNATIONAL
PRIVATE LIMITED

Construction Management | Villa Construction | Church Construction
Building & Construction Services | Interior & Exterior
Architectural | Design | Land Surveying & Analysis
Cost Estimation & Budgeting | Comprehensive Project
Oversight | Strategic Planning & Coordination

For more details
+91 830 1844 445 - www.m3international.in

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭ



# കശേരു
# മലങ്കരസഭാ ഭരണഘടന



ഡോ. എം. കുര്യൻ തോമസ്

**ഇ**ന്ത്യ എന്ന മഹാരാജ്യത്തെ അതിന്റെ അടിസ്ഥാന മൂല്യങ്ങളിലും ഭരണസ്ഥിരതയിലും എക്കാലവും നിലനിർത്തുന്ന നട്ടെല്ലാണ് 1950–ൽ നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന. ഇന്ത്യയെന്നല്ല, ലോകത്തിലെ ഏതൊരു രാജ്യത്തിന്റെയും പ്രസ്ഥാനത്തിന്റെയും അഭംഗുരമായ നിലനിൽപ്പിന്റെ അസ്തിവാരവും അവയുടെ ഉറച്ച ഭരണഘടനകളാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ കാര്യവും വിഭിന്നമല്ല.

1934 ഡിസംബർ 26. അന്നാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടന പാസാക്കിയതും നിലവിൽ വന്നതും. അന്ന് മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ അദ്ധ്യക്ഷതയിൽ കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, ദീർഘകാലത്തെ ആലോചനകളുടെ ഫലമായി ഉരുത്തിരിഞ്ഞ സഭാ ഭരണഘടന പാസാക്കി. അന്നുമുതൽതന്നെ ഭരണഘടന നിലവിൽ വന്നതായി അദ്ധ്യക്ഷസ്ഥാനത്തുനിന്നും പ്രഖ്യാപിച്ചു.

ആദിമകാലംമുതൽ ജനാധിപത്യത്തിൽ അധിഷ്ഠിതമാണ് മലങ്കര നസ്രാണികളുടെ ഭരണക്രമം. കുടുംബനാഥന്മാരും ഇടവക പട്ടക്കാരും അടങ്ങിയ പള്ളിയോഗങ്ങളാണ് ഓരോ ഇടവകയും ഭരിച്ചിരുന്നത്. എല്ലാ ഇടവകകളിലേയും കത്തനാരുമാരുടേയും അവൈദീകരുടേയും പ്രതിനിധികൾ അടങ്ങിയ മലങ്കര പള്ളിയോഗം സമുദായത്തിന്റെ പൊതുകാര്യങ്ങൾ നിർവഹിച്ചു. ജാതിക്കു തലവനായ അർക്കദ്യക്കോനും തുടർന്ന് മലങ്കര മെത്രാനുമായിരുന്നു മലങ്കര പള്ളിയോഗത്തിന്റെ മുഖ്യ ചുമതലക്കാരൻ.

മലങ്കര പള്ളിയോഗത്തിന്റെ ശക്തിയും അധികാരവും അപരിമിതമായിരുന്നു. മലങ്കര നസ്രാണികളുടെ ആത്മീയവും ലൗകീകവും കൗദാശികവുമായ എല്ലാ അംശങ്ങളുടേയും അവസാന വാക്ക് മലങ്കര പള്ളിയോഗമായിരുന്നു. 1653–ൽ ചരിത്രപ്രസിദ്ധമായ കൂനൻകുരിശു സത്യത്തിലൂടെ റോമൻ കത്തോലിക്കാ അധികാരത്തെ പുറംതള്ളിയതും സ്വദേശി മെത്രാനെ വാഴിക്കുവാൻ തീരുമാനിച്ചതും മട്ടാഞ്ചേരിയിൽ കൂടിയ മലങ്കര പള്ളിയോഗമാണ്. 1686–ൽ ചെങ്ങന്നൂരിൽ കൂടിയ മലങ്കര പള്ളിയോഗമാണ് കലർപ്പില്ലാത്ത അലക്സാന്ത്രിയൻ വേദശാസ്ത്രം സ്വീകരിച്ച് മലങ്കരയിൽ സത്യവിശ്വാസം പുനഃസ്ഥാപിച്ചത്. പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കര സഭ ഔദ്യോഗികമായി അംഗീകരിച്ചത് 1809–ൽ കണ്ടനാട് കൂടിയ മലങ്കര പള്ളിയോഗത്തിൽ വെച്ചാണ്. ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷണറിമാരുമായുള്ള ബന്ധം വിച്ഛേദിച്ച് പടിയോല എഴുതിയത് 1836–ൽ മാവേലിക്കരയിൽ സമ്മേളിച്ച മലങ്കര പള്ളിയോഗമാണ്.

വ്യക്തവും എന്നാൽ അലിഘിതവുമായ നിയമസംഹിതകളുടെ അടിസ്ഥാനത്തിലാണ് മലങ്കര നസ്രാണികളുടെ ഭരണസംവിധാനം പ്രവർത്തിച്ചിരുന്നത്. *എടത്തിലെ മര്യാദ* എന്നായിരുന്നു ഈ കീഴ്വഴക്കങ്ങൾ അറിയപ്പെട്ടിരുന്നത്. സ്വാഭാവികമായും പ്രാദേശികവും കാലികവുമായ വൈജാത്യങ്ങൾ ഇവയിൽ ഉടലെടുത്തു. ഇത് ദീർഘകാല അടിസ്ഥാനത്തിൽ നസ്രാണികൾക്ക് ദോഷം ചെയ്യുന്ന ഒന്നായിരുന്നു.

ഈ സാഹചര്യത്തിൽ ലിഖിതവും ഏകീകൃതവുമായ ഒരു ഭരണക്രമം ഇടവക പള്ളികൾക്കും മലങ്കരയ്ക്കു പൊതുവായും ഉണ്ടാകണമെന്നുള്ള ആഗ്രഹം നസ്രാണികൾക്കിടയിൽ ഉയർന്നുതുടങ്ങി. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നാട്ടധികാരഘടനയിലുണ്ടായ വ്യതിചലനവും പത്തൊമ്പതാം നൂറ്റാണ്ടിൽ നസ്രാണികളുടെ നവോത്ഥാനവും പുനർനിർണ്ണയ ശ്രമങ്ങളും ഇതിനു ത്വരകമായി.

ഈ സാഹചര്യത്തിലാണ് മലങ്കര പള്ളിയോഗം, 1809–ൽ കണ്ടനാടു പടിയോലയും 1853–ൽ ചട്ടവര്യോ

ലയും 1870-ൽ സെമിനാരി പടിയോലയും അംഗീകരിച്ച് മലങ്കര സഭയുടെ ഭരണസംവിധാനത്തിന് ഒരു ഏകീകൃത സ്വഭാവം വരുത്തുവാൻ ശ്രമിച്ചത്. 1809-ലും 1853-ലും ഊന്നൽ ഇടവകപള്ളികളുടെ ഭരണ സുതാര്യതയ്ക്കായിരുന്നുവെങ്കിൽ 1870-ൽ അത് പൊതുസഭാ ഭരണത്തിനായി.

ഓരോ ഇടവകയിൽ നിന്നും ഒരു കത്തനാരും രണ്ട് അവൈദീകരും വീതം അടങ്ങുന്ന മലങ്കര പള്ളിയോഗത്തിനായിരുന്നു ഇക്കാലത്തൊക്കയും മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതടക്കം മലങ്കരസഭാ ഭരണത്തിൽ സർവാധിപത്യം. പക്ഷേ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം സമ്മേളിക്കുന്ന മലങ്കര പള്ളിയോഗത്തിന് ദൈനംദിന ഭരണത്തിൽ ക്രിയാത്മകമായി ഇടപെടുക അസാദ്ധ്യമായിരുന്നു. ഇത് അധികാരം മെത്രാനിൽ മാത്രം കേന്ദ്രീകരിക്കുന്ന ഏകാധിപത്യത്തിലേയ്ക്കു നയിച്ചു. *മെത്രാന്മാരുടെ ഏകനായകത്വം* എന്നൊരു പ്രയോഗം പോലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഉടലെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് ഇത് നയിച്ചു.

ഈ സാഹചര്യത്തിൽ ക്രിയാത്മകമായ ജന പങ്കാളിത്തമുള്ള ഒരു ഭരണസംവിധാനം എന്ന ആശയം നസ്രാണികൾക്കിടയിൽ ശക്തമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1873-ൽ പരുമല സുന്നഹദോസ് വിളിച്ചുകൂട്ടിയത്. ലിഘിത ഭരണഘടനയില്ലാത്ത മലങ്കര പള്ളിയോഗത്തെ കൃത്യമായ ചട്ടക്കൂടുള്ള അസോസിയേഷൻ ആയി പരിവർത്തനപ്പെടുത്തുകയും അസോസിയേഷന് ഒരു മാനേജിംഗ് കമ്മറ്റി ഉണ്ടാക്കി അവരെ ഭരണപങ്കാളികളാക്കുക എന്നതുമായിരുന്നു ലക്ഷ്യം. *മെത്രാന്മാരുടെ ഏകനായകത്വത്തിന് എതിർശക്തി* എന്ന നിലയിൽ അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും രൂപികരിക്കാനായെങ്കിലും നിയമപരമായ സാങ്കേതികത്വത്താൽ ഇത് നടപ്പാക്കാനായില്ല.

ഈ തടസം മറികടക്കാനാണ് 1876-ൽ മുളന്തുരുത്തിയിൽ വീണ്ടും മലങ്കര പള്ളിയോഗം കൂടിയത്. *മുളന്തുരുത്തി സുന്നഹദോസ്* എന്നറിയപ്പെടുന്ന ഈ യോഗം, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും, അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചു. മാർ ദീവന്നാസ്യോസ് അഞ്ചാമനെ അതിന്റെ പ്രസിഡന്റാക്കി. ആവശ്യമായ ചട്ടങ്ങളും ഉപചട്ടങ്ങളും ആവശ്യാനുസൃതം രൂപികരിക്കുവാനും ഇവർക്ക് അധികാരം നൽകി. അതോടെ *ഇടത്തിലെ മര്യാദ* എന്ന അലിഘിത ഭരണക്രമത്തിൽ അധിഷ്ഠിതമായി നൂറ്റാണ്ടുകളോളം പ്രവർത്തിച്ചിരുന്ന മലങ്കര പള്ളിയോഗം അസ്തമിക്കുകയും ലിഘിത നിയമങ്ങളോടെ പ്രവർത്തിക്കുന്ന മലങ്കര അസോസിയേഷൻ ഉദിക്കുകയും ചെയ്തു.

സഭയിൽ എപ്പിസ്ക്കോപ്പാ, കശീശ, അവൈദികർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ടെന്ന അടിസ്ഥാന തത്വത്തിലാണ് മുളന്തുരുത്തി സുന്നഹദോസ് അസോസിയേഷൻ രൂപീകരിച്ചത്. ഭരിക്കുന്ന മെത്രാൻ അദ്ധ്യക്ഷനും വൈദീകരും അവൈദീകരും ഒന്നിനു രണ്ട് എന്ന അനുപാതത്തിൽ അടങ്ങിയ തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റിയുമാണ് 1876-ൽ പിറവിയെടുത്തത്. അസോസിയോഷനിൽ ഓരോ ഇടവകയ്ക്കും ഒരു വൈദീകനും രണ്ട് അവൈദീകരും എന്ന പരമ്പരാഗത പ്രാധിനിത്യം നിലനിർത്തി. മലങ്കര സഭയുടെ ആത്മീകവും ലൗകീകവുമായ സകല അധികാരവും അസോസിയേഷനിൽ നിക്ഷിപ്തമായിരുന്നു.

പക്ഷേ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ രൂപീകരണം കൊണ്ടുമാത്രം മലങ്കരസഭാ ഭരണം കാര്യക്ഷമമാവുകയില്ലായിരുന്നു. വർദ്ധിച്ചുവന്ന പൊതു സ്വത്തുക്കൾ, മലങ്കരയിൽ ഭദ്രാസനങ്ങളുടെ രൂപീകരണവും കൂടുതൽ മെത്രാന്മാരുടെ വാഴ്ചയും, 1912-ലെ കാതോലിക്കേറ്റ് മുതലായവ കൂടുതൽ കാര്യക്ഷമമായ ഒരു ഭരണസംവിധാനം മലങ്കരയിൽ അനിവാര്യമാക്കി. എന്നാൽ 1877-ൽ ആരംഭിച്ച വ്യവഹാര പരമ്പരകൾ മൂലം ദീർഘകാലത്തേയ്ക്ക് അസോസിയേഷന് ചട്ടങ്ങളോ ഉപചട്ടങ്ങളോ ഉണ്ടാക്കാൻ സാധിച്ചില്ല.

ജനാധിപത്യ അടിസ്ഥാനത്തിലൂന്നി മുളന്തുരുത്തി കാനോനാകൾക്ക് ചട്ടങ്ങളും ഉപചട്ടങ്ങളും ഉണ്ടാക്കി ഒരു ലിഘിത സഭാഭരണഘടന ഉണ്ടാക്കണമെന്നുള്ള ചിന്താഗതി 1920-കളുടെ പ്രാരംഭത്തിൽ തന്നെ പ്രബുദ്ധരായ നസ്രാണികൾക്കിടയിൽ ഉയർന്നുവന്നു. സഭയിലെ അഭ്യസ്ഥവിദ്യരായ അവൈദീക നേതാക്കൾ ഇതിനായി ശക്തമായ പ്രചരണം നടത്തി.

വ്യവഹാരങ്ങൾ അവസാനിച്ച സാഹചര്യത്തിൽ 1930 സെപ്റ്റംബർ നാലിന് കോട്ടയം പഴയ സെമിനാരിയിൽ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷൻ ഭരണഘടന എഴുതിയുണ്ടാക്കുവാൻ 17 അംഗങ്ങളുള്ള ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു.

പൂതകുഴിയിൽ ഏബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ കത്തനാർ, എൻ. ജി. കറിയാക്കോസ് കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, ഡോ. സി. റ്റി. ഈപ്പൻ, റാവുസാഹീബ് ഒ. എം. ചെറിയാൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. പീലിപ്പോസ് വക്കീൽ എന്നിവരായിരുന്നു ഭരണഘടനാ നിർമ്മാണ കമ്മറ്റി അംഗങ്ങൾ.

ഈ കമ്മറ്റിയുടെ സംയോജകനായി നിയമിതനായ റാവുസാഹീബ് ഒ. എം. ചെറിയാൻ എഴുതിയു

ണ്ടാക്കുന്ന നക്കൽ ഭരണഘടനയിൽ തുടർചർച്ചകൾ നടത്തണമെന്നു കമ്മറ്റി ആദ്യംതന്നെ തീരുമാനിച്ചു. അതനുസരിച്ച് അദ്ദേഹം എഴുതിയുണ്ടാക്കിയ നക്കൽ ഭരണഘടനയെപ്പറ്റി ദീർഘമായ വാദപ്രതിവാദങ്ങൾ നടന്നു. മെത്രാധിപത്യവും ജനാധിപത്യവും തമ്മിലുള്ള അതിർവരമ്പായിരുന്നു മുഖ്യ തർക്കവിഷയം.

നാലു വർഷത്തോളം നീണ്ട ചർച്ചകൾക്കൊടുവിൽ അപ്പോസ്തോലിക സഭകളുടെ എപ്പിസ്ക്കോപ്പൽ സ്വഭാവവും മലങ്കര സഭയുടെ പൗരാണികമായ ജനാധിപത്യ അവകാശങ്ങളും സമജ്ഞസിപ്പിച്ചുകൊണ്ട് എല്ലാവർക്കും സ്വീകാര്യമായ ഒരു നക്കൽ ഭരണഘടന റാവുസാഹീബ് ഒ. എം. ചെറിയാൻ തയാറാക്കി. ഇതാണ് 1934 ഡിസംബർ 26-ന് എം.ഡി. സെമിനാരി അസോസിയേഷനിൽ അവതരിപ്പിച്ചതും തുടർ ചർച്ചകൾക്കൊടുവിൽ ഏകകണ്ഠേനെ പാസാക്കിയതും. മലങ്കര സഭയുടെ നട്ടെല്ലായി ഇന്നും നിലനിൽക്കുന്നതും. 1958, 1995, 2017 എന്നീ വർഷങ്ങളിൽ ഇന്ത്യയുടെ പരമോന്നത നീതിപീഠം ഈ ഭരണഘടന സാധുവും എല്ലാ പള്ളികൾക്കും ബാധകവുമെന്ന് വിവിധ വിധിന്യായങ്ങളിലൂടെ അസന്നിഗ്ദമായി പ്രഖ്യാപിച്ചു.

മലങ്കര സഭയുടെ സുവർണ്ണഭാവി കണക്കിലെടുത്ത് ദീർഘദൃഷ്ടിയോടെ ചിട്ടപ്പെടുത്തിയ മലങ്കര സഭാ ഭരണഘടനയ്ക്ക് ഒട്ടേറെ സവിശേഷതകളുണ്ട്. അവയിലേയ്ക്ക് ഒന്ന് കണ്ണോടിക്കാം.

- പൗരസ്ത്യ കാതോലിക്കാ അദ്ധ്യക്ഷനായി മലങ്കര സഭയ്ക്ക് എല്ലാ മേല്പട്ടക്കാരും അംഗങ്ങളായുള്ള ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസ് രൂപീകരിച്ചു. വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നീ വിഷയങ്ങളിൽ പൂർണ്ണ അധികാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വിട്ടുകൊടുത്തു.
- മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ളതും ഒന്നിനു രണ്ട് എന്ന വൈദീക-അവൈദീക അനുപാതമുള്ളതുമായ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയെ നിലനിർത്തി. മലങ്കരയിൽ ഭരണമുള്ള എല്ലാ മെത്രാന്മാരെയും മാനേജിംഗ് കമ്മറ്റിയുടെ വൈസ് പ്രസിഡന്റുമാരാക്കി.
- അവൈദീകർക്ക് ഭൂരിപക്ഷമുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അതേപടി നിലനിർത്തി. മലങ്കര മെത്രാപ്പോലീത്താ, മെത്രാന്മാർ, കൂട്ടു ട്രസ്റ്റികൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കാനുള്ള അധികാരം അസോസിയേഷനിൽ നിക്ഷിപ്തമാക്കി.
- പൗരസ്ത്യ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ വ്യത്യസ്ഥങ്ങളായി നിർദ്ധാരണം ചെയ്തെങ്കിലും ഇരട്ട അധികാരകേന്ദ്രങ്ങളുടെ സംഘർഷം ഒഴിവാക്കാൻ രണ്ടു പദവികളും ഒരു വ്യക്തിതന്നെ വഹിക്കണമെന്നു തീർച്ചപ്പെടുത്തി.
- മലങ്കര സഭ, ഭദ്രാസനം, ഇടവകപ്പള്ളി എന്നിങ്ങനെ ത്രിതല ഭരണസംവിധാനം ഏർപ്പെടുത്തി. സഭാതലത്തിലുള്ള അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയ്ക്കു സമാനമായി ഭദ്രാസന പൊതുയോഗം, കൗൺസിൽ എന്നിവ രൂപീകരിച്ചു.
- ഇടവക പള്ളികളുടെ പരമ്പരാഗതമായ ജനാധിപത്യ ഭരണസംവിധാനം കൃത്യമായ ചട്ടക്കൂടുണ്ടാക്കി പുനർനിർണ്ണയിച്ചു.
- വൈദീക സ്ഥാനത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.
- ഇടവക പള്ളികളുടെ വരുമാനം ചിലവഴിക്കുന്നതിന് വളരെ ശ്രദ്ധേയമായ ഒരു മുൻഗണനാക്രമം ഏർപ്പെടുത്തി.

അതനുസരിച്ച്, മൊത്തം വരവിൽ ആദ്യമായി പള്ളിയിലെ നിത്യാരാധന, പെരുന്നാൾ എന്നിവയ്ക്കും, രണ്ടാമതായി അറ്റകുറ്റപ്പണികൾക്കും, മൂന്നാമതായി പട്ടക്കാരുടേയും ശുശ്രൂഷകരുടേയും ശമ്പളത്തിനും, നാലമതായി കേന്ദ്ര-ഭദ്രാസന ഫണ്ടുകൾക്കും, അഞ്ചാമതായി പള്ളിവക ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആത്മീയ സംഘടനകൾ, സുവിശേഷവേല മുതലായവയ്ക്ക് എന്നീ ക്രമത്തിൽ വേണം ഇടവകപ്പള്ളികളുടെ വരുമാനം ചിലവഴിക്കാൻ.

എല്ലാ തലങ്ങളിലുമുള്ള സമിതികൾ നിശ്ചിത ഇടവേളകളിൽ സമ്മേളിച്ച് ബജറ്റും ഓഡിറ്റുചെയ്ത കണക്കും പാസാക്കണമെന്ന നിബന്ധന എല്ലാ തലത്തിലും ധനപരമായ സുതാര്യത ഉറപ്പാക്കുന്നതാണ്.

ചലനാത്മകവും പുരോഗമനപരവുമായ ഏതൊരു ഭരണഘടനയും കാലോചിതമായ പരിഷ്ക്കാരങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കും. അടിസ്ഥാന തത്വങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ കാലപ്രവാഹത്തിന്റെ വെല്ലുവിളികളെ തരണം ചെയ്യാനുതകുന്ന ഭരണഘടനാ ഭേദഗതികൾ അനിവാര്യങ്ങളാണ്. ദീർഘദൃഷ്ടിയോടെ തയാറാക്കിയ മലങ്കര സഭാ ഭരണഘടനയും വിവിധ കാലങ്ങളിൽ ഭേദഗതികൾക്ക് വിധേയമായിട്ടുണ്ട്. 1951, 1967, 1997, 2006, 2011 എന്നീ വർഷങ്ങളിൽ മലങ്കരസഭാ ഭരണഘടനാ ഭേദഗതികൾക്ക് വിധേയമായിട്ടുണ്ട്. 2011-ൽ ഇടവകതലത്തിൽ വനിതകൾക്ക് ഭരണതുല്യത ഉറപ്പാക്കുന്ന വിപ്ലവകരമായ ഭേദഗതിക്ക് മലങ്കരസഭാ ഭരണഘടന വിധേയമായി.

മലങ്കരസഭാ ഭരണഘടനയുടെ നവതി വർഷമായ 2024-ൽ മലങ്കരസഭാ ഭരണഘടനയ്ക്ക് കാലോചിതമായ പരിഷ്ക്കാരങ്ങൾ നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലോകവ്യാപകമായി വ്യാപിക്കുന്ന മലങ്കരസഭയ്ക്ക് ഭരണഘടനാ പരിഷ്ക്കരണം അനിവാര്യമാണ്. പ. സഭയുടെ വളർച്ചയ്ക്കുള്ള ഈ ഉദ്യമത്തിൽ നമുക്കു കൈകോർക്കാം. മലങ്കര സഭാ ഭരണഘടന എന്ന മലങ്കരസഭയുടെ നട്ടെല്ലിനെ ബലപ്പെടുത്താം.

# മലങ്കര അസോസിയേഷൻ ഇത് വരെ... ഒറ്റ നോട്ടത്തിൽ



റ്റിബിൻ തേവർവേലിൽ

**മ**ലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധികാര ജനപ്രതിനിധി സഭയാണ് മലങ്കര അസോസിയേഷൻ. മലങ്കര മെത്രാപ്പോലീത്ത, കാതോലിക്കാ, മേൽപട്ടക്കാർ, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുന്നതും സഭാ ഭരണഘടനയിൽ വരുന്ന ഭേദഗതികൾ പാസാക്കുന്നതിനുമുള്ള അധികാരം അസോസിയേഷനാനുള്ളത്.

1876–ൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് പത്രോസ് തൃതീയൻ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസാണ് "മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ" എന്ന പേരിൽ അറിയപ്പെടുന്ന ആദ്യത്തെ പൊതുസമ്മേളനം. എന്നാൽ ഇതിനു മുമ്പും സഭയുടെ വിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, ഭരണകാര്യങ്ങൾ, തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി വൈദികരും അൽമായ പ്രതിനിധികളും പള്ളിയോഗം എന്ന പേരിൽ ഒന്നിച്ചുകൂടിയിരുന്നു. 1653 മുതലുള്ള മലങ്കര പള്ളിയോഗങ്ങളിൽ എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

**1. മട്ടാഞ്ചേരി പള്ളിയോഗം (1653)**

1599 ലെ ഉദയംപേരൂർ സുന്നഹദോസിനെ തുടർന്ന് മലങ്കരയിൽ ഉണ്ടായ ലത്തീൻ ഭരണത്തിനെതിരായ പ്രതിഷേധം. ഈ യോഗത്തിൽ വെച്ച് മട്ടാഞ്ചേരി പടിയോലയും കൂനൻ കുരിശ് സത്യവും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടു.

**2. ഇടപ്പള്ളി പള്ളിയോഗം (1653)**

കൂനൻ കുരിശ് സത്യത്തിനു ശേഷമുള്ള സഭയുടെ ഭാവി സംബന്ധിച്ച് ചർച്ച ചെയ്തു. ജാതിയുടെ തലവനായി തോമാ ആർക്കദിയാക്കോനെ ആത്മീയ നേതാവായി തെരഞ്ഞെടുത്തു.

**3. ആലങ്ങാട് പള്ളിയോഗം (1653)**

ഇടപ്പള്ളി പള്ളിയോഗത്തിലെ തീരുമാനങ്ങൾ പൂർത്തീകരിക്കുകയും തോമസ് അർക്കദയാക്കോനെ മെത്രാനായി വാഴിച്ചു. തുടർന്ന് ഭരണത്തിൽ സഹായിക്കുന്നതിനായി ആലോചനാ സമിതി നിയമിക്കുകയും ചെയ്തു.

**4. ചെങ്ങന്നൂർ പള്ളിയോഗം (1686)**

മാർ ഈവാനിയോസ് അവതരിപ്പിച്ച അഞ്ച് അടിസ്ഥാന വിശ്വാസഘടകങ്ങൾ അംഗീകരിച്ച് കല്പനയിലൂടെ പ്രാബല്യത്തിൽ വരുത്തി.

**5. പുതിയകാവ് പള്ളിയോഗം (1754)**

ശക്രള്ളാ മഫ്രിയാനയും അഞ്ചാം മാർത്തോമ്മായുടെയും ഇടയിലുണ്ടായ തർക്കം പരിഹരിക്കുന്നതിനായി ഉടമ്പടി രൂപീകരിച്ചു.

**6. കണ്ടനാട് പള്ളിയോഗം (1774)**

തൊഴിയൂർ സഭാസ്ഥാപകനായ കാട്ടുമങ്ങാട്ട് മാർ കൂറിലോസിന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ യോഗം ചേർന്നു.

**7. നിരണം പള്ളിയോഗം (1780)**

തച്ചിൽ മാത്തു തരകന്റെ സ്വാധീനത്തിൽ സർക്കാർ നിശ്ചയിച്ച പണം നൽകുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു.

**8. മാവേലിക്കര പള്ളിയോഗം (1789)**

അന്ത്യോഖ്യൻ ക്രമങ്ങൾ (പാശ്ചാത്യ സുറിയാനി ക്രമം) മലങ്കരയിൽ നടപ്പിലാക്കാൻ മാർത്തോമ്മാ ആറാമനും മാർ ഈവാനിയോസും തീരുമാനിക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

**9. നിരണം പള്ളിയോഗം (1807)**

വിദേശ മെത്രാൻ മാർ ദിയസ്കോറോസിന്റെ ഭരണരീതികളോട് ഉണ്ടായ എതിർപ്പിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭരണാനുമതി നിഷേധിച്ചു.

**10. കണ്ടനാട് പള്ളിയോഗം (1809)**

കണ്ടനാട് പടിയോല യോഗം അംഗീകരിച്ചു. മാർത്തോമ്മാ എട്ടാമന്റെ വാഴ്ച അംഗീകരിച്ച് രണ്ട് കാര്യവിചാരകരെ നിയമിച്ചു

**11. മാവേലിക്കര പള്ളിയോഗം (1811)**

കാര്യവിചാരകൻമാരായി തെരെഞ്ഞെടുത്ത റമ്പാന്മാരും മാർത്തോമ്മാ എട്ടാമനും തമ്മിലുണ്ടായ തർക്കങ്ങൾ ചർച്ച ചെയ്തു.

**12. കോട്ടയം പള്ളിയോഗം (1816)**

ഇട്ടൂപ്പ് റമ്പാനെ മെത്രാനായി തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**13. കോട്ടയം ചെറിയപള്ളി പള്ളിയോഗം (1817)**

മലങ്കര മെത്രാൻ കിടങ്ങൻ മാർ പീലക്സിനോസിന്റെ സഹായത്തിനായി പുന്നത്ര കുര്യൻ കത്തനാരെ വികാരി ജനറലായി നിയമിച്ചു.

**14. മാവേലിക്കര പള്ളിയോഗം (1818)**

മിഷണറിമാർ നിർദേശിച്ച പരിഷ്കാരങ്ങൾ മലങ്കരയുടെ ആചാരാനുഷ്ഠാനങ്ങളിൽ ആവശ്യമായവയാണോ എന്ന് ചർച്ച ചെയ്തു.

**15. കോട്ടയം ചെറിയപള്ളി പള്ളിയോഗം (1825)**

മലങ്കര മെത്രാൻ പുന്നത്ര ദീവന്നാസിയോസ് തിരുമേനി കാലം ചെയ്തതിനേ തുടർന്ന് മലങ്കര മെത്രാൻ സ്ഥാനത്തേക്ക് ചേപ്പാട് ഫിലിപ്പോസ് മാർ ദിവന്നാസ്യോസിനെ തെരെഞ്ഞെടുത്തു.

**16. കോട്ടയം ചെറിയപള്ളി പള്ളിയോഗം (1825)**

വിദേശ മെത്രാനായ അത്തനാസിയോസിന്റെ സ്ഥാനസാധുത (സ്താത്തിക്കോൻ) പരിശോധിച്ചു മെത്രാനടുത്ത ബഹുമതികൾ നൽകി.

**17. മാവേലിക്കര സുന്നഹദോസ് (1836)**

ബിഷപ്പ് വിൽസൻ മലങ്കര സഭയിൽ നടപ്പിലാക്കു

വാൻ നിർദേശിച്ച വ്യവസ്ഥകൾ പരിശോധിക്കുകയും അതിനെ നിരാകരിച്ച് മാവേലിക്കര പടിയോല എഴുതുകയും അത് അംഗീകരിക്കുകയും ചെയ്തു.

**18. കണ്ടനാട് പള്ളിയോഗം (1843)**

അന്ത്യോഖ്യയിൽ നിന്ന് മെത്രാൻ സ്ഥാനമേറ്റ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിന്റെ സ്ഥാനസാധുത പരിശോധിക്കുവാൻ യോഗം വിളിച്ചുകൂട്ടിയെങ്കിലും സ്ഥാത്തിക്കോൻ വായിച്ചില്ല.

**19. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1853)**

ചട്ടങ്ങൾ ക്രമീകരിക്കാൻ യോഗം കൂടി ഒരു ചട്ടവര്യോല എഴുതി. ഇതാണ് കോട്ടയം ചട്ടവരിയോല എന്നറിയപ്പെടുന്നത്.

**20. കോട്ടൂർ പള്ളിയോഗം (1863)**

പുലിക്കോട്ടിൽ ജോസഫ് മെത്രാന്റെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ആലോചിച്ചു.

**21. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1869)**

കൂട്ടുട്രസ്റ്റിമാരായി താഴത്ത് ചാണ്ടപ്പിള്ള കത്തനാരെയും കുളങ്ങര ഇട്ടിച്ചൻ പൈലിയേയും വട്ടിപ്പണ പലിശ വാങ്ങുവാനായി തെരഞ്ഞെടുത്തു.

**22. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1870)**

സെമിനാരി പഠനവും അനുബന്ധ കാര്യങ്ങളും ചർച്ച ചെയ്തു. വട്ടിപ്പണ പലിശ വിനിയോഗിക്കുന്നതിനായി ഒരു കമ്മറ്റിയെ നിയമിച്ചു.

**23. പരുമല സെമിനാരി പള്ളിയോഗം (1873)**

മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചു. ഏകദേശം 27 ഓളം നിശ്ചയങ്ങൾ യോഗം പാസാക്കി.

**24. മുളന്തുരുത്തി സുന്നഹദോസ് (1876)**

മൂന്ന് ദിവസങ്ങളിലായി ചേർന്ന സുന്നഹദോസിൽ 18 ഓളം കാനോനകൾ രൂപീകരിക്കുകയും ഭരണസമിതി തിരഞ്ഞെടുക്കുകയും ചെയ്തു.

**25. വെളിയനാട് പള്ളിയോഗം (1877)**

നവീകരണവാദികളിൽ നിന്ന് സമുദായ സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്തു.

**26. പരുമല സെമിനാരി പള്ളിയോഗം (1878)**

മാനേജിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കുകയും നവീകരണക്കാരുമായുള്ള വ്യവഹാരങ്ങളുടെ നടത്തിപ്പ് ക്രമീകരിക്കുകയും ചെയ്തു.

**27. പുതുപ്പള്ളി പള്ളിയോഗം (1879)**

സഭാ വ്യവഹാരങ്ങൾ ചർച്ച ചെയ്തു.

**28. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1886)**

നവീകരണക്കേസ് വിജയിച്ചതിന് ശേഷം സെമിനാരിയിൽ പഠനം പുനരാരംഭിക്കുകയും നവീകരണ പക്ഷക്കാരായ കൂട്ടുട്രസ്റ്റിമാരെ മാറ്റി പുതിയ ട്രസ്റ്റിമാരായി കോനാട്ട് കോര യോഹന്നാൻ കത്തനാരെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തിരഞ്ഞെടുത്തു.

**29. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1892)**

പുതിയ കൂട്ടുട്രസ്റ്റിമാരായി കോനാട്ട് മാത്തൻ മൽപാനെയും, കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു.

**30. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1895)**

ചില സാങ്കേതിക കാരണങ്ങളാൽ 1892 ലെ വൈദിക ട്രസ്റ്റി തെരെഞ്ഞെടുപ്പിന് അംഗീകാരം ലഭിച്ചില്ല. അതിനാൽ വീണ്ടും യോഗം ചേർന്ന് കൂട്ടുട്രസ്റ്റിമാരെ തെരഞ്ഞെടുക്കേണ്ടി വന്നു.

**31. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1901)**

അത്മായ ട്രസ്റ്റിയായി ഉലഹന്നാൻ കുര്യനെയും, പുതിയ മാനേജിംഗ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു. കൂടാതെ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കശീശാ സ്വീകരണത്തിന്റെ 50–ാം ജൂബിലി ആഘോഷ പരിപാടികൾ ആലോചിച്ചു.

**32. പരുമല സെമിനാരി പള്ളിയോഗം (1902)**

മേൽപട്ട സ്ഥാനത്തേക്ക് 2 പേരെ തെരെഞ്ഞെടുത്തു.

**33. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1908)**

1902 ൽ മേൽപട്ട സ്ഥാനത്തേക്ക് തെരെഞ്ഞെടുത്തവരെ വീണ്ടും ആ സ്ഥാനത്തേക്ക് സ്ഥിരപ്പെടുത്തി. പുതിയ മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുത്തു. മലങ്കര മെത്രാപ്പോലീത്തയുടെ സഹായിയുടെ നിയമനം.

**34. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1909)**

അബ്ദുള്ള പ.പാത്രിയർക്കീസ് ആവശ്യപ്പെട്ട ലൗകികാധികാരവുമായി ബന്ധപ്പെട്ട കാര്യങ്ങളും, മലങ്കരയിലേക്ക് ആവശ്യമായ മെത്രാൻ തെരെഞ്ഞെടുപ്പ് വിഷയങ്ങളും ചർച്ച ചെയ്തു.

**35. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1911)**

അബ്ദുള്ളാ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതിനെ തുടർന്നുള്ള സാഹചര്യങ്ങൾ ചർച്ച ചെയ്യുകയും പാത്രിയർക്കീസ് കക്ഷി ചേർന്ന കൂട്ടുട്രസ്റ്റിമാരിൽ മാറ്റം വരുത്തുകയും ചെയ്തു.

**36. നിരണം പള്ളിയോഗം (1925)**

മലങ്കരയിലെ രണ്ടാം കാതോലിക്കായായി ഗീവർഗീസ് മാർ പീലക്സിനോസിനെ തെരഞ്ഞടുത്തു, തുടർന്ന് മേൽപട്ട സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടത്തി 4 പേരെ തെരെഞ്ഞെടുത്തു.

**37. വാകത്താനം പള്ളിയോഗം (1929)**

മൂന്നാം കാതോലിക്കായായി ഗീവർഗീസ് മാർ ഗ്രീഗോറിയോസിനെ തിരഞ്ഞെടുത്തു. മുൻപ് നിശ്ചയിച്ചവരെ കൂടാതെ രണ്ട് പുതിയ മെത്രാൻമാരുടെ തിരഞ്ഞെടുപ്പും നടത്തി.

**38. കോട്ടയം പഴയ സെമിനാരി പള്ളിയോഗം (1930)**

പുതിയ ആറു പേരെ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു, പുതിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ തെരെഞ്ഞടുപ്പ്, ഭരണഘടന രൂപീകരണം സംബന്ധിച്ച ആലോചനകൾ നടത്തി കമ്മറ്റി രൂപീകരിച്ചു.

**39. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1931)**

പുതിയ അത്മായ ട്രസ്റ്റിയായി എറികാട്ട് ഇ. ജെ. ജോസഫിനെ തെരെഞ്ഞെടുത്തു.

**40. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1934)**

വട്ടശേരിൻ തിരുമേനി കാലം ചെയ്തതിനാൽ മലങ്കര മെത്രാന്റെ പിൻഗാമിയായി പൗരസ്ത്യ കാതോലിക്കാ ഗീവർഗീസ് ദ്വിതിയൻ കാതോലിക്കായെ നിയമിച്ചു (കാതോലിക്കാ / മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒരാളിൽ നിക്ഷിപ്തമായി). മേൽപ്പട്ടസ്ഥാനത്തേക്ക് ഒരാളെ തെരെഞ്ഞെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നു, ഭരണഘടന പാസാക്കി.

**41. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1951)**

മേൽപട്ട സ്ഥാനത്തേക്ക് രണ്ട് പേരെ തെരെഞ്ഞെടുത്തു. മലങ്കര മെത്രാന്റെ സഹായത്തിന് അസിസ്റ്റന്റ് ഉണ്ടാകണമെന്ന് നിശ്ചയിച്ചു. മേൽപ്പട്ടക്കാർ, പുതിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു. ഭരണഘടന ഭേദഗതി പാസാക്കി

**42. പുത്തൻകാവ് പള്ളിയോഗം (1958)**

സഭാ സമാധാനത്തിന് ശേഷം സമ്മേളിച്ച ആദ്യ അസോസിയേഷൻ. വൈദിക ട്രസ്റ്റിയായി മണലിൽ യാക്കോബ് കത്തനാരെയും, അത്മായ ട്രസ്റ്റിയായി ശ്രീ. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും തെരെഞ്ഞെടുത്തു.

**43. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1959)**

സഭാ യോജിപ്പിനു ശേഷമുള്ള പുതിയ മാനേജിംഗ് കമ്മറ്റി തെരെഞ്ഞെടുപ്പ്.

**44. നിരണം പള്ളിയോഗം (1962)**

കാതോലിക്കായുടെയും, മലങ്കര മെത്രാപ്പോലീത്താ യുടെയും പിൻഗാമിയായി കണ്ടനാട് ഭദ്രാസനാധിപൻ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരെത്തെടുത്തു.

**45. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1965)**

മേല്പട്ടസ്ഥാനത്തേക്ക് അഞ്ച് പേരെ തെരെഞ്ഞെ ടുത്തു. അതോടൊപ്പം പുതിയ വൈദിക ട്രസ്റ്റിയെയും പുതിയ മാനേജിംഗ് കമ്മറ്റിയേയും തെരെഞ്ഞെടുത്തു.

**46. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1970)**

പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാ പ്പോലീത്തായുടേയും പിൻഗാമിയായി ബാഹ്യ കേരളാ ഭദ്രാസനാധിപൻ മാത്യൂസ് മാർ അത്തനാസ്യോസ് തെരെഞ്ഞെടുക്കപ്പെട്ടു. പുതിയ മാനേജിംഗ് കമ്മിറ്റി അംഗങ്ങളേയും തെരെഞ്ഞെടുത്തു.

**47. നിരണം പള്ളിയോഗം (1974)**

മേല്പട്ടസ്ഥാനത്തേക്ക് അഞ്ച് പേരെയും പുതിയ മാനേജിംഗ് കമ്മറ്റിയേയും തെരെഞ്ഞെടുത്തു.

**48. മാവേലിക്കര പള്ളിയോഗം (1977)**

മേൽപട്ട സ്ഥാനത്തേക്ക് അഞ്ച് പേരെ തെരെഞ്ഞെ ടുത്തു. മലങ്കര പള്ളിയോഗത്തിന്റെ ചരിത്രത്തിൽ ആ ദ്യമായി ബാലറ്റ് വഴി തെരെഞ്ഞെടുപ്പ് നടന്നത് ഈ അസോസിയേഷനിലാണ്.

**49. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1980)**

പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാ പ്പോലീത്തായുടേയും പിൻഗാമിയായി കൊല്ലം ഭദ്രാസ നാധിപൻ മാത്യൂസ് മാർ കൂറിലോസ് തെരെഞ്ഞെടുക്ക പ്പെട്ടു. പുതിയ മാനേജിംഗ് കമ്മറ്റിയേയും, പുതിയ അ ത്മായ ട്രസ്റ്റിയായി ശ്രീ. പി. സി. ഏബ്രഹാം പടിഞ്ഞാ റേക്കരയേയും തെരെഞ്ഞെടുത്തു.

**50. തിരുവല്ല പള്ളിയോഗം (1982)**

പുതിയ 5 മേൽപട്ടക്കാരെയും, വൈദിക ട്രസ്റ്റിയായി കോനാട്ട് അബ്രഹാം മൽപാനെയും തെ രെഞ്ഞെടുത്തു.

**51. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1985)**

പുതിയ ഭദ്രാസനങ്ങൾ രൂപീകരിച്ചതുമൂലം മാനേ ജിംഗ് കമ്മറ്റി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. പു തിയ മാനേജിംഗ് കമ്മറ്റിയെ തെരെഞ്ഞെടുത്തു.

**52. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (1987)**

വൈദിക ട്രസ്റ്റിയായി ഫാ. മത്തായി നൂറനാൽ തെ രെഞ്ഞെടുക്കപ്പെട്ടു. മേൽപട്ട തെരെഞ്ഞെടുപ്പ് അജണ്ട യിൽ ഉണ്ടായിരുന്നുവെങ്കിലും സാധുവായ വോട്ടുകൾ ആർക്കും ലഭിക്കാഞ്ഞതിനാൽ ആരും തെരെഞ്ഞെടു ക്കപ്പെട്ടില്ല.

**53. പത്തനംതിട്ട പള്ളിയോഗം (1989)**

പുതിയ അഞ്ച് മേൽപട്ടക്കാരെയും, പുതിയ മാനേ ജിംഗ് കമ്മറ്റിയേയും തെരെഞ്ഞെടുത്തു.

**54. പരുമല സെമിനാരി പള്ളിയോഗം (1992)**

പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാ പ്പോലീത്തായുടേയും പിൻഗാമിയായി മലബാർ ഭദ്രാസ നാധിപൻ തോമസ് മാർ തിമോത്തിയോസും മേൽപട്ട സ്ഥാനത്തേക്ക് രണ്ടു പേരും തെരെഞ്ഞെടുക്കപ്പെട്ടു.

**55. പരുമല സെമിനാരി പള്ളിയോഗം (1994)**

മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പി ച്ചു. പുതിയ മാനേജിംഗ് കമ്മറ്റിയെ തെരെഞ്ഞെടുത്തു.

**56. പരുമല സെമിനാരി പള്ളിയോഗം (2002)**

സുപ്രീം കോടതി നിർദേശത്തേ തുടർന്ന് ബസേ ലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോ ലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ ആണോ അല്ലയോ എന്ന തീരുമാനം കൈക്കൊള്ളുക (വൻ ഭൂരിപക്ഷത്തിൽ തെരെഞ്ഞെടുത്തു), പുതിയ മാനേ ജിംഗ് കമ്മറ്റി തെരെഞ്ഞെടുപ്പ്.

**57. പരുമല സെമിനാരി പള്ളിയോഗം (2004)**

വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് ഫാ.ഡോ ഒ. തോ മസിനെയും, മേൽപട്ട സ്ഥാനത്തേക്ക് നാലു പേരെ യും തെരെഞ്ഞെടുത്തു.

**58. പരുമല സെമിനാരി പള്ളിയോഗം (2006)**

പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാ പ്പോലീത്തായുടേയും പിൻഗാമിയായി കുന്നംകുളം ഭദ്രാസനാധിപൻ പൗലോസ് മാർ മിലിത്തിയോസ് തെ രെഞ്ഞെടുക്കപ്പെട്ടു. മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു.

**59. പരുമല സെമിനാരി പള്ളിയോഗം (2007)**

പുതിയ മാനേജിംഗ് കമ്മറ്റിയേയും, പുതിയ വൈ ദിക ട്രസ്റ്റിയായി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോ നാട്ടിനെയും അത്മായ ട്രസ്റ്റിയായി ശ്രീ.എം.ജി. ജോർജ് മുത്തൂറ്റിനെയും തെരെഞ്ഞെടുത്തു.

**60. പാമ്പാക്കുട പള്ളിയോഗം (2008)**

മേൽപട്ട സ്ഥാനത്തേക്ക് 7 പേരെ തെരെഞ്ഞെടുത്തു.

**61. ശാസ്താംകോട്ട പള്ളിയോഗം (2010)**

മേൽപട്ട സ്ഥാനത്തേക്ക് 7 പേരെ തെരെഞ്ഞെടുത്തു.

**62. പത്തനംതിട്ട പള്ളിയോഗം (2012)**

പുതിയ മാനേജിംഗ് കമ്മറ്റിയേയും, പുതിയ വൈ ദിക ട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായ ട്രസ്റ്റിയായി ശ്രീ. എം. ജി. ജോർജ് മുത്തൂറ്റിനെയും തെരെഞ്ഞെടുത്തു. മാനേ ജിംഗ് കമ്മറ്റി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു.

**63. കോട്ടയം എം.ഡി. സെമിനാരി പള്ളിയോഗം (2017)**

പുതിയ മാനേജിംഗ് കമ്മറ്റിയേയും, പുതിയ വൈ ദിക ട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായ ട്രസ്റ്റിയായി ശ്രീ. ജോർജ് പോളിനെയും തെ രെഞ്ഞെടുത്തു.

**64. പരുമല സെമിനാരി പള്ളിയോഗം (2021)**

പൗരസ്ത്യ കാതോലിക്കായായും മലങ്കര മെത്രാ പ്പോലീത്തായായുമായി കണ്ടനാട് വെസ്റ്റ് ഭദ്രാസനാ ധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസിനെ തെ രെഞ്ഞെടുത്തു.

**65. കോലഞ്ചേരി പള്ളിയോഗം (2022)**

മേൽപട്ട സ്ഥാനത്തേക്ക് 7 പേരെ തെരെഞ്ഞെടുത്തു.

**66. പത്തനാപുരം പള്ളിയോഗം (2022)**

പുതിയ മാനേജിംഗ് കമ്മറ്റിയേയും, പുതിയ വൈ ദിക ട്രസ്റ്റിയായി ഫാ. ഡോ. തോമസ് വർഗീസിനെയും അത്മായ ട്രസ്റ്റിയായി ശ്രീ. റോണി വർഗീസ് എബ്രഹാ മിനെയും തെരെഞ്ഞെടുത്തു.

ഇത് വരെയുള്ള പള്ളിയോഗം അഥവാ അസോ സിയേഷനുകളുടെ ഒരു ലഘുവിവരണമാണ് ഇവിടെ കുറിച്ചത്. പല യോഗങ്ങളിലും സഭയുടെ വിശ്വാസപര വും, ഭരണപരവുമായ പല തീരുമാനങ്ങളും എടുത്തി രിക്കുന്നതായി കാണം. ഓരോ അസോസിയേഷനും കൈ കാര്യം ചെയ്ത വിഷയങ്ങൾ യുവജനങ്ങൾക്ക് വിശദ മായി പഠിക്കുവാൻ ഈ സൂചിക സഹായകമാകട്ടെ.



# മലങ്കരയുടെ പാർലമെന്റായ

## സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ



ഡെറിൻ രാജു

നസ്രാണി പൈതൃകത്തിന്റെ ചരിത്രപരമായ ശേഷിപ്പുകളിൽ ഏറ്റവും വലിയ ഒന്നാണ് ആധുനിക പള്ളിയോഗമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ. ആധുനിക അസോസിയേഷൻ ചരിത്രം ഔദ്യോഗികമായി മുളന്തുരുത്തിയിൽ ആരംഭിക്കുന്നുവെന്ന് പറയാം. 150 വർഷങ്ങൾക്കിപ്പുറം വെട്ടിക്കൽ ദയറായിലേക്ക് ആ ചരിത്രം വീണ്ടും എത്തുകയാണ്. ചരിത്രത്തിന്റെ ആവർത്തനസ്വഭാവത്തിനു വീണ്ടുമൊരു ഉദാഹരണമായി. ലോക ക്രൈസ്തവസഭകൾ ആകെയെടുത്താൽ തന്നെ ഇപ്രകാരം വിപുലവും ബൃഹത്തുമായ ഒരു ഭരണ സംവിധാനം കണ്ടെത്താനാകില്ല. മലങ്കര മെത്രാപ്പോലീത്തായും മെത്രാപ്പോലീത്താമാരും തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങളും മലങ്കര ട്രസ്റ്റിലെ ഘടകങ്ങളായ ഓരോ പള്ളി ഇടവകകളെയും പ്രതിനിധീകരിച്ച് ഒരു വൈദികനും പള്ളിയുടെ അംഗസംഖ്യയനുസരിച്ച് 1 മുതൽ 10 വരെ അവൈദികരും ഉൾപ്പെടുന്ന വളരെ സവിശേഷമായ ഒരു ഭരണസംവിധാനം. പള്ളിയോഗമെന്നും പള്ളി പ്രതിപുരുഷയോഗമെന്നും സുന്നഹദോസെന്നും ഒക്കെ ഈ യോഗം വിവിധ കാലങ്ങളിൽ അറിയപ്പെട്ടു. ഒരു പള്ളിയെ പ്രതിനിധീകരിച്ച് ഒരു വൈദികനും രണ്ട് അവൈദികരുമായിരുന്നു മലങ്കര പള്ളിയോഗത്തിൽ സംബന്ധിച്ചിരുന്നത്. എന്നാൽ 2002 മുതൽ ആ നിലയ്ക്ക് മാറ്റം വന്നു. ബഹു. സുപ്രീം കോടതിയുടെ നിർദേശപ്രകാരം ജനപ്രാതിനിധ്യത്തിനനുസരിച്ച് പള്ളിയോഗത്തിലെ അംഗസംഖ്യ പുന:ക്രമീകരിച്ചു. അതോടുകൂടിയാണ് അവൈദിക പ്രതിനിധികളുടെ സംഖ്യ ഒന്നു മുതൽ പത്തു വരെയായി നിജപ്പെടുത്തിയത്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനെന്ന ആധുനിക മലങ്കര പള്ളിയോഗത്തിന്റെ ചരിത്രമാണ് ഈ ലേഖനം.

ഉദയംപേരൂർ സുന്നഹദോസ് നസ്രാണി പള്ളിയോഗത്തിന്റെ പ്രാധാന്യത്തിന്റെ ഒരു പ്രധാന തെളിവാണ്. 1599 ജൂൺ 20 മുതൽ 26 വരെ നടന്ന ഈ യോഗം നിയമാനുസൃതമോ പള്ളിയോഗമായി പരിഗണിക്കേണ്ട ഒന്നോ അല്ല.

നസ്രാണികളെ റോമൻ കത്തോലിക്കാ സഭയിൽ ചേർക്കുക എന്ന ലക്ഷ്യത്തോടെ വിളിച്ചു ചേർക്കപ്പെട്ട യോഗം നസ്രാണി പള്ളിയോഗത്തിന്റെ ശക്തിയുടെ ഏറ്റവും വലിയ തെളിവും സൂചനയുമാണ്. ഉദയംപേരൂരിൽ യോഗം ചേരാനായി ചേന്ദമംഗലത്തുനിന്ന് ആർച്ച് ബിഷപ്പ് മെനെസിസ് അയച്ച സർക്കുലറിൽ കാണുന്നത് ഇങ്ങനെയാണ്.

'....ക്രിസ്ത്യാനികളെ ഭരിക്കുന്നതിനും അവരോടും അവരുടെ സഭയോടും ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നതിനും ഉള്ള അധികാരം സഭയിലും മതാദ്ധ്യക്ഷന്മാരിലും നിക്ഷിപ്തമാണ്. ഇവിടെ സഭ സ്ഥാപിച്ച കാലം മുതൽ തന്നെയും ഈ രീതി നടപ്പിൽ ഉണ്ടായിരുന്നു. അക്രൈസ്തവരായ ഭരണാധിപൻമാരും ഈ അവകാശം അംഗീകരിച്ചിരുന്നു, സഭ ചെയ്യുന്ന എല്ലാ തീരുമാനങ്ങളെയും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ-അവ നടപ്പിൽ വരുത്തുന്നതിനും കൂടുതൽ സൗകര്യം ലഭിക്കുന്നതിനുമായി ജനങ്ങളെ ധരിപ്പിക്കുന്നു എന്നുള്ളതും പ്രാചീനകാലം മുതൽ

നടപ്പുണ്ടായിരുന്നു. ഈ ആചാരവും നടപടിയും അനുസരിച്ച് കാര്യങ്ങൾ നടക്കത്തക്കവിധം, ഈ മഹാഇടവകയിലുള്ള പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും ജനങ്ങൾ പള്ളിയിൽ സമ്മേളിച്ച് ഉത്തമന്മാരായ നാലു പേരെ വീതം പ്രതിനിധികളായി തെരഞ്ഞെടുത്ത് അധികാരപ്പെടുത്തി സുന്നഹദോസിലേക്ക് അയയ്ക്കണം. സുന്നഹദോസ് വേണ്ട കാര്യങ്ങൾ വേണ്ടവിധം പരിഗണിക്കുന്നതിനും ശരിയായി തീരുമാനിക്കുന്നതിനുമായി എല്ലാവരും പ്രാർത്ഥിക്കണം. ഈ സർക്കുലർ എല്ലാ പള്ളികളിലും വായിക്കുകയും പള്ളികളുടെ പടിവാതിലുകളിൽ പതിപ്പിക്കുകയും വേണം" (മലങ്കര നസ്രാണികൾ: രണ്ടാം വാല്യം, ഇസഡ്.എം. പാറേട്ട് പേജ് 213).

കേവലം മതപരമായ കത്തോലിക്കാവൽക്കരണമല്ല, സാമൂഹികമായി കൂടി നസ്രാണികളെ പാശ്ചാത്യവൽക്കരിക്കുവാനുള്ള ശ്രമമായിരുന്നു ഉദയംപേരൂർ സുന്നഹദോസ് എന്ന് അഭിപ്രായപ്പെടുന്ന ചരിത്രകാരൻമാരുണ്ട്. എന്നാൽ അവിടെയും പള്ളിയോഗത്തിന്റെ ശക്തിയെപ്പറ്റി മെനെസിസിനു ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് പേരിനെങ്കിലും ഒരു പള്ളിയോഗം കൂടി നിശ്ചയങ്ങൾ അംഗീകരിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചത്. വിശ്വാസപരമായ വിഷയങ്ങളിൽ ജനങ്ങൾ തീരുമാനമെടുക്കുന്നത് കത്തോലിക്കാ സഭാ വിജ്ഞാനീയത്തിൽ അചിന്ത്യമായിരുന്നെങ്കിലും പള്ളിയോഗം കൂടാതെ എന്തു തീരുമാനമെടുത്താലും അത് വിലപ്പോവില്ല എന്ന ബോദ്ധ്യത്തിന്റെ പുറത്താണ് നമ്മൾ നേരത്തെ കണ്ട സർക്കുലറിന്റെ പിറവി.

കൂനൻ കുരിശ് സത്യമെന്ന നസ്രാണികളുടെ ഐതിഹാസികമായ സ്വാതന്ത്ര്യപ്രഖ്യാപനവും ഒരു പള്ളിയോഗത്തോട് അനുബന്ധിച്ചാണ് സംഭവിച്ചത്. മട്ടാഞ്ചേരിയിൽ നടന്നുകൊണ്ടിരുന്ന ഒരു പള്ളിയോഗത്തിന്റെ അനുബന്ധമായിരുന്നു 1653 ജനുവരി (മകരം) 3-ലെ കൂനൻ കുരിശ് സത്യം. തുടർന്ന് ഇടപ്പള്ളിയിലും ആലങ്ങാട്ടുമായി നടന്ന രണ്ട് പള്ളിയോഗങ്ങളും സുപ്രധാന തീരുമാനങ്ങൾ കൈകൊണ്ടവയായിരുന്നു. ഇതിൽ ഇടപ്പള്ളിയിൽ വച്ചാണ് നസ്രാണികളുടെ ജാതിത്തലവനായിരുന്ന തോമാ അർക്കദിയാക്കോനെ വേദതലവനായികൂടി തിരഞ്ഞെടുത്തത്. ആലങ്ങാട്ട് വച്ച് അദ്ദേഹത്തെ മാർത്തോമാ എന്ന പേരിൽ പന്ത്രണ്ട് വൈദികർ ചേർന്ന് മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി.

മലങ്കര പള്ളള്ളിയോഗമെന്നത് കേവലം ഭരണപരമായ ക്രമീകരണങ്ങൾ മാത്രം എടുക്കുവാനുള്ള ഒരു യോഗം ആയിരുന്നില്ല. അതിന്റെ ഏറ്റവും വലിയ തെളിവ് 1686-ലെ ചെങ്ങന്നൂർ യോഗമാണ്. കൂനൻ കുരിശ് സത്യത്തിലൂടെ കത്തോലിക്ക ബന്ധം ഉപേക്ഷിച്ചെങ്കിലും അമ്പതു വർഷത്തെ കത്തോലിക്ക ബന്ധം നസ്രാണികളുടെ വിശ്വാസ-ആരാധനാ രീതികളിൽ വലിയ സ്വാധീനം ഉണ്ടാക്കിയിരുന്നു. അതിനാൽ തന്നെ ലത്തീൻ ആരാധനാരീതി തുടരേണ്ടതായ സ്ഥിതി വന്നു. പഴയ കൽദായക്രമങ്ങളിലേക്കുള്ള പൂർണമായ ഒരു മടങ്ങിപ്പോക്ക് പല കാരണങ്ങൾക്കൊണ്ടും അസാധ്യവുമായിരുന്നു. ഈ ഘട്ടത്തിൽ എന്താണ് കത്തോലിക്കരുമായുള്ള വിശ്വാസവ്യത്യാസം എന്ന ചോദ്യം ഉടലെടുത്തു. അതിനുള്ള ഉത്തരമായിരുന്നു 1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് എന്ന പള്ളിയോഗം. അവിടെവച്ച് അലക്സന്ത്രിയൻ വേദശാസ്ത്രം മലങ്കര സഭ അംഗീകരിച്ചു. പള്ളി, തുവർഗം, പരിശുദ്ധറൂഹ, കുർബാന, നോമ്പ് എന്നീ അഞ്ച് പ്രധാന വിഷയങ്ങളിൽ ചെങ്ങന്നൂർ പള്ളിയോഗം കൈകൊണ്ട തീരുമാനങ്ങളാണ് ഇന്നും മലങ്കര സഭ പിന്തുടരുന്നത്.

1750 (1751?)-ൽ ബസേലിയോസ് ശക്രള്ള മഫ്രിയാനയുടെ നേതൃത്വത്തിൽ മേൽപ്പട്ടക്കാർ ഉൾപ്പെടെയുള്ള ഒരു സംഘം മലങ്കരയിലെത്തി. പല സന്ദർഭങ്ങളിലും ഈ മേൽപ്പട്ടക്കാരുമായി മാർത്തോമാ അഞ്ചാമനു തർക്കത്തിൽ ഏർപ്പെടേണ്ടി വന്നു. മലങ്കരയുടെ ഭരണത്തിൽ വിദേശ മെത്രാൻമാർ ഇടപെട്ടതാണ് പലപ്പോഴും പ്രതിസന്ധി സൃഷ്ടിച്ചത്. ഇരുപക്ഷവും സന്ധിയിലെത്താൻ മുൻകൈയെടുത്തതും പള്ളിയോഗമായിരുന്നു. 1754 ധനു മാസത്തിൽ പുതിയകാവ് പള്ളിയിൽ വച്ച് കൂടിയ യോഗം അഞ്ച് സന്ധി നിർദേശങ്ങങ്ങൾ മുന്നോട്ടു വച്ചു. ഈ ഉടമ്പടി റോയൽ കോടതി കേസിൽ എക്സിബിറ്റ് 27-ആയി ഹാജരാക്കിയിട്ടുള്ളതുമാണ്.

മാർത്തോമാ അഞ്ചാമന്റെ അനുമതിയില്ലാതെ ശക്രള്ള മഫ്രിയാന ആർക്കും പട്ടം കൊടുക്കാൻ പാടില്ല, പട്ടക്കാർക്ക് മലങ്കരയിൽ നിലവിലിരുന്ന പട്ടം വെട്ടുന്ന രീതിയോ പാശ്ചാത്യ സുറിയാനി രീതിയിലുള്ള തൊപ്പി വയ്ക്കുന്ന രീതിയോ പിന്തുടരാവുന്നതാണ്. മാർ ഈവാനിയോസ് ഹിദായത്തുള്ള (1686ൽ) നടപ്പിലാക്കിയതും മാർത്തോമാ നാലാമൻ അംഗീകരിച്ചിരുന്നതുമായ വിശ്വാസാചാരങ്ങൾ തുടരണം, രണ്ട് പക്ഷവും അംഗീകരിക്കുന്നവരെ മാത്രമേ വികാരിമാരായി പള്ളികളിൽ നിയമിക്കുകയൊള്ളു. എന്നിവയായിരുന്നു വ്യവസ്ഥകൾ. 1807-ലും പള്ളിയോഗം ഒരു തർക്കപരിഹാര വേദിയായിരുന്നു. വിദേശമെത്രാനായിരുന്ന മാർ ദിയസ്കോറോസ് ആയിരുന്നു പ്രശ്നബിന്ദു. അദ്ദേഹം ഭരണത്തിനായി അവകാശവാദം ഉന്നയിച്ചത് പള്ളിയോഗം അംഗീകരിച്ചില്ല. അധികം താമസിയാതെ അദ്ദേഹത്തെ കപ്പൽ കയറ്റി വിടുകയും ചെയ്തു. ഇതിനിടയിൽ 1789-ൽ നടന്ന യോഗവും ആരാധനക്രമ പരിഷ്ക്കരണമായിരുന്നു. 1665-ൽ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീലിന്റെ വരവോടെ അന്ത്യോഖ്യൻ ബന്ധം ആരംഭിച്ചെങ്കിലും അന്ത്യോഖ്യൻ ആരാധനയും പള്ളിക്രമങ്ങളും അത്രകണ്ട് വ്യാപിച്ചില്ല. പഴയക്രമങ്ങൾ പലയിടത്തും തുടർന്നു. യാക്കോബിന്റെ തക്സ ഇവിടെ വ്യാപകമായത് ശക്രള്ള മഫ്രിയാനയുടെ വരവോടുകൂടി ആയിരുന്നു. തുടർന്ന് പാശ്ചാത്യ സുറിയാനിക്രമങ്ങൾ വ്യാപകമായി, അതേ സമയം പലയിടത്തും പഴയ കൽദായക്രമങ്ങൾ തുടരുകയും ചെയ്തു. ഈ പരിതസ്ഥിതിയിലാണ് 1789-ൽ പുതിയകാവിൽ കൂടിയ യോഗം ഒരു ഐക്യമാതൃക മുന്നോട്ട് വച്ചത്. അതിൻപ്രകാരം മാമോദീസായും വിവാഹവും പഴയ രീതിയിൽ

തുടരാനും നമസ്കാരങ്ങൾ, പട്ടം കൊട, കുർബാന എന്നിവ അന്ത്യോഖ്യൻ രീതിയിൽ തുടരാനും നിർദ്ദേശിച്ചു.

പുതിയകാവ് പടിയോല ഒരു ഐക്യമാതൃക മുന്നോട്ട് വച്ചെങ്കിലും മലങ്കരയിൽ അന്ത്യോഖ്യൻ ക്രമങ്ങൾക്ക് പിന്തുണയേറുകയായിരുന്നു. 1809-ലെ കണ്ടനാട് യോഗം അത് തെളിയിക്കുന്നു. ഏഴാം മാർത്തോമാ പെട്ടെന്ന് നിര്യാതനാവുകയായിരുന്നു. അദ്ദേഹം മരണമടയുന്നതിനു മുമ്പായി തിടുക്കത്തിൽ തന്റെ പിൻഗാമിയായി മാർത്തോമാ എട്ടാമനെ വാഴിച്ചു. ഇത് വലിയ തർക്കം സൃഷ്ടിക്കുകയും ഒരു പ്രതിസന്ധി രൂപപ്പെടുകയും ചെയ്തു. കുന്നംകുളം ഇട്ടൂപ്പ് റമ്പാനും കായംകുളം ഫീലിപ്പോസ് റമ്പാനുമായിരുന്നു എട്ടാം മാർത്തോമായുടെ എതിർപക്ഷത്ത്. വെടിനിർത്തലിനു ഇവിടെയും പള്ളിയോഗം ഇടപെട്ടു. 1809 ചിങ്ങം 1-നു മാർത്തോമാ ഏഴാമന്റെ നാല്പതാം അടിയന്തിരദിവസം കണ്ടനാട് യോഗം കൂടുകയും പന്ത്രണ്ട് നിർദേശങ്ങൾ പടിയോലയായി എഴുതിയുണ്ടാക്കുകയും ചെയ്തു. അതിൽ അവസാന നിശ്ചയം പൂർണമായും അന്ത്യോഖ്യൻ ക്രമത്തിലേക്ക് മാറുന്നതായിരുന്നു. തെക്കും വടക്കും ഓരോ പഠിത്തവീടുകൾ സ്ഥാപിക്കണമെന്നതും പള്ളി ഭരണവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ഉൾപ്പെടെയുള്ളവയും പടിയോലയിൽ ഉൾപ്പെട്ടിരുന്നു.

പടിയോല എഴുതിയെങ്കിലും പഠിത്ത വീടുകൾ സ്ഥാപിക്കുവാനുള്ള തീരുമാനത്തിൽനിന്നുൾപ്പെടെ എട്ടാം മാർത്തോമാ പിന്നോട്ട് പോയി. എന്നാൽ പഠിത്ത വീട് സ്ഥാപിക്കുവാനുള്ള തീരുമാനവുമായി ഇട്ടൂപ്പ് റമ്പാൻ മുന്നോട്ട് തന്നെയായിരുന്നു. റസിഡണ്ട് മൺറോയുടെ പിന്തുണയും റമ്പാന് ഉണ്ടായിരുന്നു. തുടർന്ന് വട്ടിപ്പണത്തിന്റെ പലിശ മൺറോയിൽ നിന്ന് ഇട്ടൂപ്പ് റമ്പാൻ കൈപ്പറ്റി. പണി ആരംഭിച്ചു. മെത്രാനല്ലാത്ത ആൾക്ക് വട്ടിപ്പണത്തിന്റെ പലിശ നൽകിയതിനെതിരെ എതിർപക്ഷം പരാതി നൽകി. ബ്രിട്ടീഷ് സർക്കാരും മൺറോയുടെ നടപടിയിൽ അതൃപ്തി അറിയിച്ചപ്പോൾ ഇട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനം സ്വീകരിച്ച് പ്രതിസന്ധി ഒന്നു കുറയ്ക്കേണ്ട സ്ഥിതി വന്നു. എന്നാൽ അവിടെയും പള്ളിയോഗ തീരുമാനം ആവശ്യമായി വന്നു. തുടർന്ന് ഇട്ടൂപ്പ് റമ്പാനു പള്ളിയോഗത്തിന്റെ യോഗസമ്മതം തേടി കിടങ്ങൻ മാർ പീലക്സീനോസ് നോട്ടീസ് അയച്ചു. തുടർന്ന് അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ബ്രിട്ടീഷ് റസിഡണ്ടിന്റെ പിന്തുണയും പള്ളിയോഗത്തെ ഒഴിവാക്കാൻ മതിയായില്ല എന്നു ചുരുക്കം.

മാവേലിക്കര സുന്നഹദോസ് എന്നറിയപ്പെട്ട 1836-ലെ യോഗമാണ് മിഷണറി ബന്ധം ഔദ്യോഗികമായി ഉപേക്ഷിച്ചത്. ഒരു വലിയ സാമ്രാജത്വശക്തിയുടെ പിന്തുണയോടെ എത്തിയ ഒരു വിഭാഗത്തെ നേർക്കുനേർ നിന്ന് ഏറ്റുമുട്ടി നസ്രാണികൾ വിജയം വരിച്ചു എന്ന നിലയിൽ ഒരു ചരിത്രസംഭവമായിരുന്നു ഈ യോഗം.

മലങ്കര പള്ളിയോഗത്തിന്റെ നിർദേശം കൂടാതെ അന്ത്യോഖ്യായിൽ നിന്ന് മെത്രാൻ സ്ഥാനം പ്രാപിച്ച് 1843-ൽ മാത്യൂസ് മാർ അത്താനാസിയോസ് രാജകീയ വിളംബരവും സംഘടിപ്പിച്ച് ഭരണത്തിലേറി. ഇത് പള്ളിയോഗത്തിന് തിരിച്ചടിയായി. മാത്രമല്ല പള്ളിയോഗത്തിന്റെ ആലോചനയില്ലാതെ സ്വന്തം ഇഷ്ടപ്രകാരം അത്താനാസിയോസ് കാര്യങ്ങൾ നടത്തുക കൂടിയായപ്പോൾ പള്ളിയോഗം തിരസ്കരിക്കപ്പെട്ട നിലയിലായി. കൃത്യമായ ഒരു ചട്ടക്കുടിലേക്ക് ഭരണം കൊണ്ടുവരാനുള്ള ഒരു ശ്രമമായിരുന്നു 1853-ലെ കോട്ടയം യോഗം. 103 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ചട്ടവര്യോല യോഗം പാസാക്കിയെങ്കിലും മെത്രാൻ തന്നെ അത് നടപ്പിലാക്കാതിരുന്നതോടെ ചട്ടങ്ങൾ നടപ്പിലായില്ല. 1870-ൽ വീണ്ടും ഒരു യോഗം കൂടുന്നുണ്ടെങ്കിലും പള്ളിയോഗം അതിന്റെ പ്രതാപത്തിൽ പാലക്കുന്നത്ത് അത്താനാസിയോസിന്റെ സമയത്ത് എത്തിയില്ല.

മെത്രാന്റെ ഏകനായകത്വം അവസാനിപ്പിക്കുവാൻ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിക്കുവാൻ നിശ്ചയിച്ചത് 1873-ലെ പരുമല യോഗമായിരുന്നു. മലങ്കര പള്ളിയോഗത്തെ കാലോചിതമായി പരിഷ്ക്കരിച്ച് ഒരു ചട്ടക്കുടിലാക്കി കൊണ്ടുവന്നത് ഈ യോഗമായിരുന്നു. പാലക്കുന്നത്ത് അത്താനാസിയോസിനെ അനുനയിപ്പിക്കുവാൻ ഒരു ഡപ്യൂട്ടേഷനെ അയയ്ക്കുവാനും മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുവാനും വ്യവഹാരങ്ങളുടെ ചുമതല ആ കമ്മറ്റിയെ ഏൽപ്പിക്കുവാനും യോഗം നിശ്ചയിച്ചു. കേരളത്തിലെ ആദ്യത്തെ സാമുദായിക സംഘടനയായി ഈ സുറിയാനി ക്രിസ്ത്യാനി അസോസിയേഷനെ കണക്കാക്കാവുന്നതാണ്. ഇന്നുള്ള പ്രബല സംഘടനകളായ എസ്.എൻ.ഡി.പി 1903-ലും എൻ.എസ്.എസ് 1914-ലും മാത്രമാണ് രൂപം കൊണ്ടത്.

വിവിധ കാരണങ്ങൾകൊണ്ട് പരുമല യോഗത്തിന്റെ നിശ്ചയങ്ങൾ നടപ്പിലാക്കുന്നതിൽ പ്രായോഗിക തടസ്സങ്ങൾ ഉണ്ടായി. നിയമാനുസൃത മലങ്കര മെത്രാന്റെ പിന്തുണയോ നിർദേശമോ ഇല്ലാതെ കൂടിയതാണ് പരുമല യോഗം എന്നത് തന്നെ പ്രധാന പ്രശ്നം. തുടർന്നാണ് പുലിക്കോട്ടിൽ തിരുമേനിയുടെ നേതൃത്വത്തിലുള്ള അത്താനാസിയോസ് എതിർപക്ഷം പാത്രിയർക്കീസിനെ വരുത്തിയത്.

1876 ജൂൺ 26 മുതൽ 30 വരെ മുളന്തുരുത്തി പള്ളിയുടെ വടക്കേ മുറ്റത്ത് കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മലങ്കര സഭാ ചരിത്രത്തിലെ തന്നെ സവിശേഷമായ ഒന്നാണ്. ചില ഭേദഗതികളോടെ പരുമല നിശ്ചയങ്ങൾ ഔദ്യോഗികമായി. പള്ളിയോഗത്തിനു ഇടക്കാലത്ത് നഷ്ടപ്പെട്ട ശബ്ദം തിരികെ കിട്ടി. മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കേണ്ടത് തങ്ങളാണെന്നും തങ്ങൾ തിരഞ്ഞെടുക്കാത്തവർക്ക് പട്ടം നൽകരുതെന്നും പള്ളിയോഗം ആവശ്യപ്പെട്ടു. പാത്രിയർക്കീസ് അത് അംഗീകരിച്ചു. എന്നാൽ ഇത് ലംഘിക്കുന്നു എന്ന് കണ്ടപ്പോൾ വെളിയനാട് യോഗം പ്രതിനിധികൾ ബഹിഷ്ക്കരിച്ചു.

നവീകരണക്കാരിൽ നിന്നും സെമിനാരി നടത്തിയെടുത്തശേഷം പുലിക്കോട്ടിൽ തിരുമേനി സെമിനാരിയിൽ യോഗങ്ങൾ കൂടുകയും നിശ്ചയങ്ങൾ

കൈക്കൊള്ളുകയും ചെയ്തു. 1902–ൽ വട്ടശേരിൽ ഗീവറുഗീസ് മൽപ്പാനെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്ക് യോഗം നിർദേശിച്ചുവെങ്കിലും വടക്കുനിന്നും പ്രാതിനിധ്യം വേണമെന്ന് ആവശ്യമുയർന്നപ്പോൾ യോഗ്യരായവരെ കണ്ടെത്താൻ യോഗം പുലിക്കോട്ടിൽ തിരുമേനിയെയും മറ്റ് മേൽപ്പട്ടക്കാരെയും ചുമതലപ്പെടുത്തി. എന്നാൽ തെരഞ്ഞെടുക്കേണ്ട സമയമായപ്പോൾ 1908–ൽ വീണ്ടും പള്ളിയോഗത്തെ സമീപിക്കാനും അവിടെവച്ച് വീണ്ടും തെരഞ്ഞെടുപ്പ് നടത്തുവാനും പുലിക്കോട്ടിൽ തിരുമേനി തയ്യാറായി.

വട്ടശേരിൽ തിരുമേനിയുടെ കാലത്തും അസോസിയേഷൻ അതിന്റെ അധികാരം വിട്ടുകൊടുത്തില്ല. 1909–ൽ അബ്ദുള്ള പാത്രിയർക്കീസിന്റെ ലൗകികാധികാര മോഹങ്ങളെ പള്ളിയോഗം ശക്തമായി എതിർത്തു. മലങ്കര സഭയ്ക്ക് വ്യവസ്ഥാപിതമായ ഒരു ഭരണഘടനാ നിർമ്മാണത്തിനായി ഒ.എം. ചെറിയാൻ അദ്ധ്യക്ഷനായ ഒരു സമിതിയെ 1930 സെപ്തംബറിൽ കൂടിയ അസോസിയേഷൻ ഔദ്യോഗികമായി തെരഞ്ഞെടുത്തു.

ഇരുപതാം നൂറ്റാണ്ടിലെ ഒരു സുപ്രധാനയോഗം 1934 ഡിസംബർ 26–നു എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷനാണ്. പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവായെ വട്ടശേരിൽ തിരുമേനിയുടെ പിൻഗാമിയായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതും ഭരണഘടന പാസാക്കിയതും ഈ യോഗമായിരുന്നു. 1951–ലെ അസോസിയേഷൻ ആദ്യമായി ഭരണഘടന ഭേദഗതി ചെയ്തു. അവസാനമായി അസോസിയേഷൻ ഭരണഘടന ഭേദഗതി ചെയ്തതും അന്നാണ്. പിന്നീടുണ്ടായ ഭേദഗതികൾ റൂൾക്കമ്മറ്റി വഴി മാനേജിംഗ് കമ്മറ്റി പാസാക്കി നിലവിൽ വരികയായിരുന്നു.

1965–ൽ തെരഞ്ഞെടുപ്പുകളിൽ ഒരു വികേന്ദ്രീകരണസ്വഭാവം വന്നു. ഓരോ മെത്രാസനത്തിൽ നിന്നും മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന അഞ്ച് പേരെ നാമനിർദേശം ചെയ്യുവാനും അപ്രകാരം നാമനിർദേശം ചെയ്യുന്ന വരിൽ നിന്ന് അഞ്ച് പേരെ മാനേജിംഗ് കമ്മറ്റി നിശ്ചയിച്ച് അസോസിയേഷനിലേക്ക് അംഗീകാരത്തിനായി ശുപാർശ ചെയ്യുവാനും തീരുമാനിച്ചു. കൂടാതെ ഓരോ മെത്രാസനങ്ങളിൽ നിന്നും മാനേജിംഗ് കമ്മറ്റിയിലേക്ക് നാമനിർദേശം ചെയ്യുവാനും മെത്രാസനതല യോഗങ്ങളെ ചുമതലപ്പെടുത്തി. ഇന്നും ഈ രീതിയാണ് മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുപ്പിൽ അവലംബിക്കുന്നത്.

അസോസിയേഷൻ നടപടിച്ചട്ടങ്ങൾ 1970–ൽ നിലവിൽ വന്നു. 1974–ലെ നിരണം യോഗത്തിൽ മലങ്കര മെത്രാപ്പോലീത്തായുടെ അനുമതിയോടെ വൈസ് പ്രസിഡണ്ട് പാറേട്ട് മാർ ഈവാനിയോസ് യോഗാദ്ധ്യക്ഷനായി. 1977–ലെ മെത്രാപ്പോലീത്താ തെരഞ്ഞെടുപ്പിലാണ് ആദ്യമായി വോട്ടെടുപ്പ് നടന്നത്. പിന്നീട് 1982 ഒഴികെ എല്ലാ തവണയും വോട്ടെടുപ്പ് ഉണ്ടായി. 1987–ൽ ഒരാളെ തെരഞ്ഞെടുക്കാൻ ആഗ്രഹിച്ചുവെങ്കിലും ആർക്കും ഭൂരിപക്ഷം ലഭിച്ചില്ല. 1992–ൽ മാനേജിംഗ് കമ്മറ്റി നിർദേശിച്ച ഔദ്യോഗിക പാനലിൽ ഉൾപ്പെടാതിരുന്ന ആളെ അസോസിയേഷൻ തെരഞ്ഞെടുക്കുകയും എപ്പിസ്കോപ്പൽ സിനഡ് അത് അംഗീകരിക്കുകയും ചെയ്തു. 2004–ൽ ഏഴ് പേരെ തെരഞ്ഞെടുക്കാൻ ആഗ്രഹിച്ചുവെങ്കിലും നാല് പേർക്കു മാത്രമാണ് മതിയായ വോട്ട് ലഭിച്ചത്.

2002–ലെ പരുമല അസോസിയേഷൻ ഈ നൂറ്റാണ്ടിലെ പ്രധാനയോഗങ്ങളിൽ ഒന്നായിരുന്നു. കേരള ഹൈക്കോടതി റിട്ട. ചീഫ് ജസ്റ്റിസ് മളീമഠ് നിരീക്ഷകനായി പങ്കെടുത്തു. അസോസിയേഷന്റെ പ്രാധാന്യവും സാംഗത്യവും ബഹു. സുപ്രീം കോടതി തന്നെ അംഗീകരിച്ചു. ജനപ്രാതിനിധ്യത്തിനനുസരിച്ച് അസോസിയേഷൻ അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ സുപ്രീം കോടതി തന്നെ സഭാഭരണഘടന ഭേദഗതി ചെയ്തു.

2008–ലെ പാമ്പാക്കുട യോഗം മുളന്തുരുത്തി സുന്നഹദോസിനു ശേഷം വടക്കൻ പ്രദേശത്ത് കൂടിയ ആദ്യ യോഗമായി. 30 വർഷങ്ങൾക്കു ശേഷം 2017–ൽ എം.ഡി സെമിനാരി അസോസിയേഷനു വേദിയായി. 2021 ഒക്ടോബറിലെ യോഗവും പ്രത്യേകതകളുള്ളതായിരുന്നു. നോട്ടീസ് കൽപ്പന അയച്ചശേഷം പ്രസിഡണ്ട് കാലം ചെയ്തതിനാൽ സീനിയർ മെത്രാപ്പോലീത്തായിൽ (കുര്യാക്കോസ് മാർ ക്ലീമ്മീസ്) അധ്യക്ഷപദം വന്നുചേർന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാനേജിംഗ് കമ്മറ്റി അംഗങ്ങളും മെത്രാപ്പോലീത്താമാരും മാത്രം അസോസിയേഷൻ നഗറിൽ കൂടുകയും ബാക്കിയുള്ളവർ ഓൺലൈനായി പങ്കെടുക്കുകയും ചെയ്തു. കാതോലിക്കാ കാലം ചെയ്തശേഷം പിൻഗാമിയെ തൊണ്ണൂറ് വർഷങ്ങൾക്കുശേഷം അന്ന് തെരഞ്ഞെടുത്തു. ഏഴ് മേൽപ്പട്ടക്കാർക്കായി 2022 ഫെബ്രുവരിയിൽ കോലഞ്ചേരിയിൽ യോഗം ചേർന്നു. മെത്രാൻ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ ആദ്യമായി ഓൺലൈൻ സാങ്കേതിക വിദ്യ ആ തവണ ഉപയോഗിച്ചു. ഒടുവിലായി 2022 ആഗസ്റ്റ് 4–നു പത്തനാപുരത്ത് കൂടിയ അസോസിയേഷൻ പുതിയ മാനേജിംഗ് കമ്മറ്റിയെയും വൈദിക–അയ്മേനി ട്രസ്റ്റിമാരെയും തിരഞ്ഞെടുത്തു. വീണ്ടും നാല് മേൽപ്പട്ടസ്ഥാനികൾക്കായി 2026 ആഗസ്റ്റ് 27–നു വെട്ടിക്കൽ ദയറായുടെ പുണ്യഭൂമിയിൽ എത്തിയിരിക്കുന്നു നസ്രാണി പള്ളിയോഗത്തിന്റെ പ്രയാണം.

ഈ ലേഖനത്തിന്റെ ആരംഭത്തിൽ ചേർത്തത് പോലെ മലങ്കര നസ്രാണികളുടെ സ്വത്വത്തിന്റെ ഒരു പ്രതീകമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന ആധുനിക പള്ളിയോഗം. നസ്രാണി മാർഗത്തിന്റെ ഒരു ശേഷിപ്പാണത്. അത് ബലപ്പെടുത്തേണ്ടതും നിലനിർത്തേണ്ടതും നമ്മൾ ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്തവുമാണ്.

---

*(മലങ്കര സഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ, മലങ്കര സഭാതർക്കം എന്താണ് സത്യം?, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ : ചരിത്രം, രേഖകൾ എന്നീ പുസ്തകങ്ങളുടെ രചയിതാവാണ് ലേഖകൻ)*



# കാൽപന്തുകളിയിലെ മായാജാലക്കാർ



**നിഥിൻ സാമുവൽ**
COO, Neu iPlus
Education Pvt.Ltd

**മെസിയും റൊണാൾഡോയും ബൂട്ടഴിക്കുമ്പോൾ ഫുട്ബോളിലെ ഒരു കാലഘട്ടം തന്നെ കൊഴിഞ്ഞുവീഴുകയാണ്.**

തൊട്ടുമുന്നിൽ നിലത്തു കിടക്കുന്ന വസ്തുവിനെ ചെറുതായെങ്കിലുമൊന്നു തട്ടിമാറ്റണമെന്നത് മനുഷ്യന്റെ ആന്തരിക ചോദനകളിലൊന്നാണ്. ബ്യൂണസ് ഐറസിലെ തിരക്കേറിയ തെരുവുകളിലും നൈജീരിയയിലെ വരണ്ടുണങ്ങിയ പൊടിപറക്കുന്ന മൈതാനത്തും മൂന്നാറിലെ കോച്ചിപ്പിടിക്കുന്ന തണുപ്പത്ത് മഞ്ഞുതുള്ളികൾ കാഴ്ചക്കാരായ പുൽമൈതാനത്തും നിക്കറിട്ട പിള്ളേർ ഒരു കാൽപന്ത് അങ്ങോട്ടുമിങ്ങോട്ടും തട്ടുന്നതിന്റെ കാരണവും മറ്റൊന്നല്ല.

മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ മൂന്നാറിലൊഴികെ മറ്റിടങ്ങളിൽ പോയി ക്രിക്കറ്റ് എന്ന് ആളുകളോടു പറഞ്ഞാൽ അവരിൽ കുറച്ചുപേർക്കെങ്കിലും അതൊരു കളിയാണെന്നു മനസ്സിലാകാൻ സാധ്യതയില്ല.

പക്ഷേ, ഫുട്ബോൾ ശരിക്കും അതിന്റെ രൂപം പോലെയൊരു ആഗോളകായിക വിനോദമാണ്. മനുഷ്യനെ ഒരുമിപ്പിക്കുന്ന എന്തോ ഒന്ന് ആ പന്തിലുണ്ട്. അതുകൊണ്ടുതന്നെ അതു കളിക്കുന്നവർക്കും ഒരു മായികപ്രഭയുണ്ട്.

നാട്ടിലെ ഏതെങ്കിലും ഒരു മൈതാനത്ത് ഫുട്ബോൾ കളിച്ചിട്ടുണ്ടോ? അല്ലെങ്കിൽ നേരിട്ട് കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയൊന്നു കാണണം. അതിൽ അത്യാവശ്യം നന്നായി കളിക്കുന്നവർ നമ്മളെ അതിശയിപ്പിക്കും. എതിരെ വരുന്നവനെ വെട്ടിയൊഴിഞ്ഞു പന്ത് കാലിലൊട്ടിച്ചതുപോലെ കൊണ്ടുപോകുന്നതു കാണുമ്പോൾ ഇയാൾ ഇതെങ്ങനെ ചെയ്യുന്നെന്ന് ചിന്തിക്കും. അളന്നുമുറിച്ച വക്രരേഖയിൽ പാസ് കൈമാറുമ്പോൾ പണ്ടു പഠിച്ച ജ്യാമിതീയ സമവാക്യങ്ങൾ മനസ്സിലേക്ക് വന്നേക്കാം. ചാട്ടുളി പോലെ ചിലർ വലയിലേക്ക് പന്തടിച്ചുകയറ്റുമ്പോൾ ആ കരുത്ത് കണ്ട് അമ്പരന്നേക്കാം.

ഓർക്കണം, ഇന്ത്യയുടെ ഭാഗമായ കേരളത്തിലാണ് നിങ്ങൾ ആ കളി കണ്ടത്. ആഗോള ഫുട്ബോൾ സംഘടനയായ ഫിഫയുടെ റാങ്കിങ്ങിൽ 138 ആണ് നമ്മുടെ സ്ഥാനം. അപ്പോൾ ശരിക്കും മുൻനിര ടീമുകളിലെ താരങ്ങളുടെ കളി എന്തായിരിക്കും?

അതുകൊണ്ടാണ് ഫുട്ബോൾ താരങ്ങൾക്ക് ചുറ്റും എക്കാലവും ഒരു മായികവലയം ഉണ്ടായിരുന്നത്. പെലെയുടെ കളി നമ്മുടെ നാട്ടിൽ ആരും ലൈവായി കണ്ടിട്ടുണ്ടാകാൻ സാധ്യതയില്ല. പക്ഷേ, വാമൊഴികളിലൂടെ അയാൾക്ക് ഫുട്ബോളിലെ രാജാവിന്റെ സ്ഥാനമാണ്.

ടി.വി വന്നതുമുതൽ കണ്ടുതുടങ്ങിയ ഫുട്ബോൾ അദ്ഭുതം മറഡോണയാണ്. 1986 ലോകകപ്പിൽ മൈതാനമധ്യത്ത് നിന്ന് ലഭിച്ച പന്തുമായി മുന്നേറി ഗോൾകീപ്പർ ഉൾപ്പെടെ 6 താരങ്ങളെ വെട്ടിച്ച് വലയിലെത്തിച്ച ഗോൾ അയാൾക്ക് ലോകമെമ്പാടും അമാനുഷിക പരിവേഷം നൽകി.

ബാജിയോ, റൊണാൾഡോ, റൊണാൾഡീഞ്ഞോ, സിദാൻ, ഫീഗോ, റൊമാരിയോ.. കാൽപന്ത് കൊണ്ട് അതിശയിപ്പിച്ചവർക്ക് പിന്നീട് കുറവൊന്നും ഉണ്ടായില്ല. എന്നാൽ, 2007 - 2008 കാലഘട്ടമായപ്പോഴേക്കും കഥ മാറി. അതിനുശേഷമുള്ള 2 ഫുട്ബോൾ പതിറ്റാണ്ടുകൾ ഭരിച്ചത് 2 താരങ്ങളായിരുന്നു - ലയണൽ മെസിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും. ഏറ്റവും കുറഞ്ഞത് 15 വർഷം മറ്റൊരാൾക്കും എത്തിപ്പിടിക്കാനാകാത്ത വിധം അവർ കരിയർ ഗ്രാഫ് ഉയർത്തിക്കൊണ്ടേയിരുന്നു. ഇവരുടെ അത്രയും എത്തിയില്ലെങ്കിലും ബ്രസീൽ താരം നെയ്മാറിനും ആരാധകപിന്തുണ ഒട്ടും കുറവുണ്ടായിരുന്നില്ല.

ഫുട്ബോൾ ലോകം കണ്ട് ആസ്വദിച്ച, ഹരം കൊണ്ട ഈ സൂപ്പർ താരങ്ങളുടെ കാലഘട്ടം അവസാനിക്കുകയാണ്.അമേരിക്കയിൽ നടന്ന ലോകകപ്പ് മൂവരുടെയും അവസാന പോരാട്ടം ആയിരുന്നു. ഫുട്ബോളിൽ ഒരു യുഗം ഒഴിയുന്നു.

**കുഞ്ഞൻ മെസ്സി, സിക്സ് പായ്ക്ക് റോണോ**

ലോകത്തിലെ ഏറ്റവും മികച്ച ഫുട്ബോൾ താരത്തിനു നൽകുന്ന ബാലൺ ഡി ഓർ 2007ൽ ലഭിച്ചത് ബ്രസീൽ താരം കാകയ്ക്ക് ആയിരുന്നു. തൊട്ടുപിന്നിൽ വന്നത് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ പോർചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയും മൂന്നാമതെത്തിയത് ബാർസലോനയുടെ അർജന്റീന താരം ലയണൽ മെസ്സിയും.

തുടർന്നുള്ള 10 വർഷം ബാലൺ ഡി ഓർ, യൂറോപ്പിലെ ഏറ്റവും മികച്ച താരം എന്നീ പുരസ്കാരങ്ങളുടെ അവകാശികളായി മറ്റൊരു താരവും എത്തിയിട്ടില്ല എന്നത് ഇവരുടെ സമഗ്രാധിപത്യം തെളിയിക്കുന്നു.

ലോകമെമ്പാടും ഇവരുടെ പേരിൽ കവിതകൾ പിറന്നു, തമ്മിൽ മത്സരിച്ചുകൊണ്ട് എത്തിപ്പിടിക്കാനാകാത്ത ഉയരങ്ങൾ കീഴടക്കുന്നതിനെപ്പറ്റി ഗവേഷണങ്ങൾ നടന്നു, മോഹൻലാലിനും മമ്മൂട്ടിക്കും ഉള്ളതു പോലെ കേരളത്തിലും ഇരുവർക്കും ഫാൻസുകളുണ്ടായി, ഫാൻ ഫൈറ്റുകളുണ്ടായി.

5 അടി 7 ഇഞ്ച് മാത്രം ഉയരമുള്ള മെസ്സി അത്ര വലിയ ആകാരം ഉള്ള ആളായിരുന്നില്ല. പക്ഷേ, എതിർനിരയിലെ അഞ്ചോ ആറോ താരങ്ങളെ ഒറ്റയ്ക്ക് മറികടക്കുന്ന മെസി അക്കാലത്ത് സ്ഥിരം കാഴ്ചയായിരുന്നു.

കഠിനാധ്വാനവും ചിട്ടയും റൊണാൾഡോ എന്ന താരത്തെ കരുത്തനാക്കി മാറ്റി. സ്പാനിഷ് ലാ ലീഗയിൽ ശനിയാഴ്ചകളിൽ റയൽ മഡ്രിഡിനായി റൊണാൾഡോ 2 ഗോളടിച്ചാൽ ഞായറാഴ്ച രാത്രിയിലെ കളിയിൽ ബാഴ്സയ്ക്കായി മെസി 3 ഗോളടിക്കും. മനോഹരമായ ഓർമകൾ സമ്മാനിച്ച ഫുട്ബോൾ കാലം. അപാരമായ കായികശക്തിയിലും വേഗത്തിലും പന്ത് വലയിലെത്തിക്കുന്നതായിരുന്നു റോണാൾഡോയുടെ മിടുക്കെങ്കിൽ കളി നിയന്ത്രിക്കുന്നതും ഡ്രിബിളിങ്ങിലെ മാന്ത്രികതയും ഒപ്പം ഗോളടിയുമായിരുന്നു മെസിയുടെ മികവ്. മെസിയുടെയും റൊണാൾഡോയുടെയും ഒരു മോശം ദിവസത്തെ പ്രകടനം ചിലപ്പോൾ സാധാരണ താരങ്ങളുടെ അത്യാവശ്യം മികച്ച പ്രകടനത്തിനു തുല്യമായിരിക്കും.

ഹിമാലയത്തിൽ ഒരുപാട് കൂറ്റൻ മലനിരകളുണ്ടെങ്കിലും അവയെല്ലാം എവറസ്റ്റിനു മുന്നിൽ നിഷ്പ്രഭമാകുന്നതു പോലെ അക്കാലത്ത് ചില താരങ്ങളുണ്ടായിരുന്നു. ബ്രസീലിന്റെ നെയ്മാർ ഇക്കൂട്ടത്തിൽ പെട്ടുപോയൊരാളാണ്. മെസിയോ

ടൊപ്പമോ അതിനു മേലെയോ സ്കിൽ ഉള്ളയാളാണ് നെയ്മാർ. ബ്രസീൽ പോലൊരു രാജ്യത്തു നിന്നു വന്നതോടെ ലോക മെമ്പാടും ആരാധകരെ സമ്പാദിച്ചയാൾ. പക്ഷേ, പരുക്കിനൊ പ്പം മെസിയുടെയും റോണോയുടെയും കാലത്തു തന്നെ കളിച്ചു എന്നതും അയാളെ വലിയ നേട്ടങ്ങളിൽ നിന്നു പിന്നോട്ടു വലിച്ചു. 2014 മുതൽ 18 വരെയായിരുന്നു നെയ്മാറിന്റെ പീക്ക് ടൈം. എങ്കിലും ഫുട്ബോൾ ലോകം അയാളിൽ നിന്ന് അദ്ഭുതങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ, ഇക്കഴിഞ്ഞ ലോകകപ്പിൽ കാര്യമായൊന്നും ചെയ്യാനാകാതെ നെയ്മാറും ബൂട്ടഴിച്ചു.

**മികച്ചവനാര്**

മെസിയും റൊണാൾഡോയും ചേർന്ന് 1897 ഗോളുകളാണ് കഴിഞ്ഞ 2 പതിറ്റാണ്ടുകളായി സ്വന്തമാക്കിയത്. 81 കിരീടങ്ങളും 13 ബാലൻ ഡി ഓറും ഇരുവരും ചേർന്ന് സ്വന്തമാക്കിയിട്ടുണ്ട്. സമീപകാലത്തൊന്നും ആരും ആവർത്തിക്കാൻ ഇടയില്ലാത്ത കണക്കുകളാണിത്. ഒരുപക്ഷേ, ടെന്നിസിൽ ഫെഡറർ, നദാൽ, ജോക്കോവിച്ച് എന്നിവരുടെ സമഗ്രാധിപത്യം മാത്രമാണ് കായികലോകത്ത് ഇതിനോടൊപ്പം ചേർത്തുവയ്ക്കാനാകുന്നത്.

ഇവരിൽ മികച്ചവനാര് എന്ന് ആരാധകർ ഇപ്പോഴും തർക്കിക്കുന്നുണ്ട്. പക്ഷേ, ലോകകപ്പ് നേടിയതോടെ മെസിക്ക് മുൻതൂക്കം ലഭിച്ചിട്ടുണ്ടെന്നത് യാഥാർഥ്യമാണ്. ഇക്കഴിഞ്ഞ ലോകകപ്പിലും റൊണാൾഡോ നിറം മങ്ങിയപ്പോൾ മെസി ഒറ്റയ്ക്കാണ് അർജന്റിനയെ ഫൈനൽ വരെയെത്തിച്ചത്. പല ഫുട്ബോൾ പണ്ഡിതന്മാരും വെബ്സൈറ്റുകളും പെലെ, മറഡോണ എന്നിവരേക്കാൾ മുകളിൽ മെസിയെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ചവനായി രേഖപ്പെടുത്തിയിട്ടുണ്ട്.

എങ്കിലും യൂറോപ്പിലെ വിവിധ ലീഗുകളിൽ കാണിച്ച മികച്ച പ്രകടനങ്ങളുടെയും ആകെ ഗോൾ നേട്ടങ്ങളുടെയും അടിസ്ഥാനത്തിൽ റോണോ ആരാധകർ അദ്ദേഹത്തെ മികച്ചവനാക്കുന്നു.

അതെന്തുതന്നെയാണെങ്കിലും ഇരുവരും ചേർന്ന് ഫുട്ബോൾ ആരാധകർക്കു സമ്മാനിച്ചത് അത്യാനന്ദം തന്നെ.

**പുതുയുഗം**

ഇക്കഴിഞ്ഞ ലോകകപ്പ് ഫൈനൽ ശരിക്കുമൊരു തലമുറമാറ്റം ആയിരുന്നു. 39കാരൻ മെസിയുടെ ടീമിനെ കലാശപ്പോരാട്ടത്തിൽ തോൽപിച്ച സ്പെയിനിന്റെ പ്രധാനതാരങ്ങളിലൊരാൾ 19കാരൻ ലമീൻ യമാലായിരുന്നു. ഒരു ഫുട്ബോൾ പൈതൃകത്തിന്റെ കൈമാറ്റം കൂടിയായിരുന്നു അത്.

എംബപ്പെ, ഹാളൻഡ്, ഡെംബലെ, ബെല്ലിങ്ഹാം, കെയ്ൻ, റോഡ്രി, വിനിഷ്യസ്.. ഒരുപിടി മികച്ച താരങ്ങൾ ഇപ്പോഴുണ്ട്. എങ്കിലും ഇവർക്കൊന്നും മെസിയും റോണോയും മുന്നോട്ടു വച്ച അളവുകോലിനരികിൽ എത്താനായിട്ടില്ല.

വരുംനാളുകളിൽ അതു സംഭവിച്ചേക്കാം. ഫുട്ബോൾ ലോകം കാത്തിരിക്കുകയാണ്.

---

*(7-ാം പേജിൽ നിന്ന്)* ................................

ന്യൂജൻ, ജെൻസി എന്നൊക്കെ അവകാശപ്പെടുമ്പോൾ തന്നെയും കുടുംബത്തെയും കുടുംബ ബന്ധങ്ങളെയും മാനിക്കുവാനും മുതിർന്നവരെ ബഹുമാനിക്കുവാനും അവരുടെ പ്രയത്നവും അവരുടെ ജീവിത അനുഭവങ്ങളും ഉപയോഗപ്പെടുത്തുവാനും മാതൃകയാക്കുവാനും കഴിയേണ്ടത് ആയിട്ടുണ്ട്. എനിക്കുമാത്രം പ്രയോജനം കിട്ടുന്ന പ്രവർത്തിയിൽ നിന്ന് മാറി നാടിനുവേണ്ടിയും ഭാവിക്കുവേണ്ടിയും വരാനിരിക്കുന്ന തലമുറയ്ക്കും വേണ്ടിയും ക്രിയാത്മകമായി പ്രതികരിക്കുവാൻ യുവതയ്ക്ക് കഴിയണം. പുതിയ സംസ്കാരത്തിൽ ജീവിക്കുമ്പോൾ തന്നെ നമ്മെ നാമാക്കി മാറ്റിയ നല്ല സംസ്കാരത്തെ ചവിട്ടി മെതിക്കുവാൻ ഇടയാകരുത്. ദൈവമില്ല എന്ന് പറഞ്ഞ് ദൈവത്തെ ചോദ്യം ചെയ്യുന്ന വർത്തമാന കാലഘട്ടത്തിൽ ദൈവത്തെയും ദൈവവിശ്വാസത്തെയും മുറുകെപ്പിടിച്ച് പ്രതിസന്ധികളെ അതി ജീവിക്കുവാൻ യുവതയ്ക്ക് കഴിയണം,.

എ.പി.ജെ. അബ്ദുൽ കലാം പറയുന്നു, സ്വപ്നം കാണാൻ പേടിക്കരുത്, സ്വപ്നത്തെ സത്യമാക്കാൻ അധ്വാനിക്കുക. യുവജനങ്ങൾ ഒരു വെടിയുണ്ട പോലെയാണ് ശരിയായ ലക്ഷ്യത്തിലേക്ക് പ്രയോഗിച്ചാൽ രാഷ്ട്രം പണിയും, തെറ്റായ ദിശയിൽ പോയാൽ നശിക്കും. വരുന്ന തലമുറയ്ക്ക് മാതൃകയാകുവാൻ തക്കവണ്ണം ദിശാബോധത്തോടെ പ്രവർത്തിക്കുവാനും, ഊർജ്ജവും സ്വപ്നവും കൃത്യമായ ലക്ഷ്യസ്ഥാനത്ത് സമൂഹത്തിന്റെയും സഭയുടെയും നല്ല ഭാവിക്കായും ഉപയോഗിക്കാൻ കഴിയണം.

---

*മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അസോസിയേഷൻ, എന്നാൽ സഭയുടെ പാർലമെന്റാണ്. സഭയുടെ ഏറ്റവും വലിയ ജനാധിപത്യ ഭരണസമിതി. 1876 ലെ പ്രഥമ മുളന്തുരുത്തി സുന്നഹദോസിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ 4 മേല്പട്ട സ്ഥാനികളെ തിരഞ്ഞെടുക്കുന്നതിനായി മുളന്തുരുത്തി വീണ്ടും ഒരുങ്ങുന്നു എന്നത് നമ്മെ സംബന്ധിച്ചു ഏറെ അഭിമാനകരമാണ്.പരിശുദ്ധ കാതോലിക്കാ ബാവ തിരുമനസിന്റെ കരങ്ങൾക്ക് ശക്തി പകരുന്നതിനും പരിശുദ്ധ സഭയുടെ മഹത്വത്തിനും ആയി നാലു പിതാക്കന്മാരെ നമുക്ക് ഒന്നിച്ചു തിരഞ്ഞെടുക്കാം.ഇതിനോട് അനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ഒരു വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഏറെ അഭിമാനം ഉണ്ട്.*

*ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് ഈ യുവജന മാസിക പ്രൗഢഗംഭീരമാക്കുവാൻ സഹായിച്ച ലേഖന കർത്താക്കളോടും, ആശംസകൾ നൽകിയവരോടും, പരസ്യ ദാതാക്കളോടുമുള്ള നന്ദി നിസ്സീമമാണ്.*

*മലങ്കരയിലെ പ്രഥമ സുന്നഹദോസിന്റെ 150-ാം വാർഷികത്തോടും, 2026 ഓഗസ്റ്റ് 27ന് മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനോടും അനുബന്ധിച്ച് യുവജനം മാസികയുടെ സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും, പരിശുദ്ധന്മാരുടെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കൊണ്ടും പൊതുസമക്ഷം ഈ മാസിക സമർപ്പിക്കുന്നു.*



**റോബിൻ ജോ വർഗീസ്**
**(പബ്ലീഷർ)**




# CRAFTING THE FUTURE

jerlin jiss Architects

ARCHITECTURE - INTERIOR - LANDSCAPING




ADOOR - PATHANAMTHITTA

CONTACT US
8086805698

OUR SERVIES

Architectural Design
Master Planning
Interior Designing
Landscaping







jjarchitectzz@gmail.com

jerlin_jiss_architectzz

മലങ്കര യുവത അക്ഷരനഗരിയുടെ
ഹൃദയഭൂമിയിൽ സമ്മേളിക്കുന്നു...

ഓർത്തഡോക്സ് ക്രൈസ്തവ
യുവജന പ്രസ്ഥാനം

WORSHIP - STUDY - SERVICE

# കാതോലിക്കേറ്റ്
## സ്ഥാപന വാർഷികം
# മലങ്കര നസ്രാണി
# യുവജന
# സംഗമം



2026 സെപ്റ്റംബർ **20** ഞായർ 2.00 പി.എം.

**കോട്ടയം**

റാലി • പൊതുസമ്മേളനം



സാമൂഹിക-സാംസ്കാരിക-
രാഷ്ട്രീയ മേഖലയിലെ
പ്രമുഖർ പങ്കെടുക്കുന്നു...

Printed & Published by H.G.Dr.Geevarghese Mar Yulios Metropolitan, on behalf of President, Orthodox Christian Youth Movement, St. Thomas Bhavan, Kottayam
Layout & Printed at : Peediakkal Printers,Thiruvalla Phone : 94958 37117 Cheif Editor : Fr.Luke Babu, Publisher : Robin Jo Varghese.
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997